കേരള സർക്കാർ

# കളമശ്ശേരി നഗരസഭ
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെഎസ്എ.ഇകെഎം(എം.2)69/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി: 08.02.2017

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

കളമശ്ശേരി നഗരസഭ.

സർ,

വിഷയം: കളമശ്ശേരി നഗരസഭ – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പിലാറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലേക്ക് നഗരസഭാഅധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1) സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ, നഗരകാര്യവകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4)റീജിയണൽജോയിന്റ്ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം.
5)കാര്യാലയ പകർപ്പ്

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ.ഇകെഎം(എം.2)69/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in

തീയതി: 08.02.2017

## എറണാകുളംജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. നഗരസഭ 20.07.2015മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മാത്രം മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2017 മുതൽ 13.01.2017 വരെ<br>30.01.2017 മുതൽ 04.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷെർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിന്ദു സദാനന്ദൻ<br>(4.1.17 മുതൽ 13.1.17 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോൺസൺ ടി.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി കവിത എസ്. കണ്ണൻ (4.1.17 മുതൽ 13.1.17 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. മേഴ്സി കെ പി<br>(4.1.17മുതൽ 13.1.17 വരെ) | ഓഡിറ്റർ |
| | ശ്രീ.എം.എസ്.ഗോപകുമാർ<br>(12.01.17മുതൽ 13.01.17 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

### (ബി)നിർവ്വഹണാധികാരികൾ

| | | കാലയളവ് | |
|---|---|---|---|
| ചെയർമാൻ | ശ്രീ.ജമാൽ മണക്കാടൻ. | 1.4.2015 | 31.10.2015 |

| | | | |
|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015 | 19.11.2015 |
| ചെയർപേഴ്സൺ | ശ്രീമതി. ജെസ്സി പീറ്റർ | 20.11.2015 | 31.3.2016 |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ. എം.എൻ.രാജേന്ദ്രൻ | 01.04.15 | 31.3.16 |
| മുനിസിപ്പൽ എഞ്ചിനീയർ. | ശ്രീ.ഷിബു.എൽ.നാലപ്പാട്ട് | 01.04.15 | 31.3.16 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബിജി എലിസബത്ത് | 01.04.15 | 24.05.15 |
| | ഡോ.റെജിമോൻ ടി.എസ്. | 25.05.15 | 31.3.16 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സുമി സി ആർ | 01.04.15 | 31.3.16 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കെ.ജയശ്രീ. | 01.04.15 | 22.08.15 |
| | ശ്രീമതി. ഈശ്വരി | 23.08.15 | 29.12.15 |
| | ശ്രീമതി. അനഘ പി വി | 30.12.15 | 31.03.16 |
| വെറ്ററിനറി സർജൻ | ഡോ.രഞ്ജു ആന്റണി | 01.04.15 | 31.3.16 |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീമതി.ഹണിമോൾ.ജെ. കട്ടക്കയം | 01.04.15 | 31.3.16 |
| പ്രോജക്റ്റ് ഓഫീസർ | ശ്രീ.സുധീർ.എൻ.ഡി. | 01.04.15 | 31.3.16 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.നമിത .പി | 01.04.15 | 31.3.16 |
| പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് | ശ്രീമതി.നവീന .പി | 01.04.15 | 31.3.16 |
| സെക്രട്ടറി | ശ്രീ.എൻ.ശശികുമാർ | 01.04.15 | 31.5.15 |
| | ശ്രീ.എം.ആർ. സന്തോഷ്, സൂപ്രണ്ട്, (സെക്രട്ടറി – ഇൻ- ചാർജ്ജ്) | 01.06.15 | 12.07.15 |
| | ശ്രീ.എസ്.നാരായണൻ | 13.07.15 | 31.03.16 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സാംഖ്യ രസീതുകളുടെ സ്റ്റോക്ക് | 2-1 |
| 13 | കെട്ടിട നികുതി ഇനത്തിലെ കുടിശ്ശിക | 2-2 |
| 14 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുട രജിസ്ട്രേഷൻ | 2-4 |
| 16 | ഭൂവികസന ഫീസ് ഈടാക്കിയില്ല - നഷ്ടം 9998/- രൂപ | 2-5 |
| | ഭാഗം 3 | |
| 17 | ബ്രഹ്മപുരം പ്ലാന്റിലേക്ക് കൊണ്ടുപോകുന്ന ഖരമാലിന്യം -ചെലവ് വിവരങ്ങൾ സൂക്ഷിക്കുന്നില്ല. | 3-1 |
| 18 | മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തത് - 3,10,500/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - അപാകതകൾ | 3-3 |
| 20 | ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും - 12,77,500/-രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 21 | ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായില്ല - 1,56,686/- രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 22 | ക്വട്ടേഷനുകൾ ലഭിച്ചതിന്റെ രേഖകളില്ല- 90,000/- രൂപ തടസപ്പെടുത്തുന്നു. | 3-6 |
| 23 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം 49,985.00 | 3-7 |
| 24 | RCC (1:2:4 using 20mm)വർക്കിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം 93,806.00 | 3-8 |
| 25 | സിമന്റ് കോൺക്രീറ്റിങ്ങ് (1:2:4 using 20mm) വർക്കിന് അധിക നിരക്ക് നൽകിയത് - 60043/- രൂപ നഷ്ടം | 3-9 |
| 26 | ചിൽഡ്രൻസ് സയൻസ് പാർക്ക് - കണക്കുകൾ ലഭ്യമല്ല- വിശദമായ ഓഡിറ്റിന് ശുപാർശ ചെയ്യുന്നു. | 3-10 |
| 27 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6 സെന്റ് വിസ്തൃതി വരുന്ന റോഡ് ലുലു ഇന്റർനാഷണലിന് വിട്ടു നൽകുന്നത് സംബന്ധിച്ച്. | 3-11 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക- വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു | 3-12 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം നഗരസഭ കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 60,48,25,723.00 | 53,40,85,498.00 |
| വാർഷിക കണക്ക് പ്രകാരം | 31,33,85,213.00 | 38,85,02,767.00 |
| വ്യത്യാസം | 29,14,40,510.00 | 14,55,82,731.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വരവ്-ചെലവും ഉൾപ്പടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ സാമൂഹ്യ സുരക്ഷ പെൻഷൻ തുകയായ 3,62,49,620.00 രൂപ ഡി.ബി.റ്റി പ്രകാരം ആയതിനാൽ അവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായി വരുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | റിമാർക്ക്സ് |
|---|---|---|---|
| 2015-16 | 06.01.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് | വാർഷിക ധനകാര്യ പത്രികയിൽ അപാകതകളില്ല |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 11,28,93,764.91 |

| | |
|---|---|
| വരവ് | 31,33,85,213.00 |
| ആകെ | 42,62,78,977.91 |
| ചെലവ് | 38,85,02,767.00 |
| നീക്കിയിരിപ്പ് | 3,77,76,210.91 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

.

| ഇനം | 2015-16 |
|---|---|
| വസ്തു നികുതി | 51,44,769 |
| തൊഴിൽ നികുതി | 2,32,611 |
| ഡി & ഒ ലൈസൻസ് ഫീസ് | 35,217 |
| വാടക വരവ് | 3,32,063 |
| മറ്റ് വരവുകൾ (പെൻഷൻ & ഗ്രാറ്റുറ്റി തനത് ഫണ്ടിൽ നിന്ന് നൽകിയത് നഗരകാര്യ വകുപ്പിൽ നിന്ന് ലഭിക്കേണ്ടത്) | 2,04,65,294 |

നഗരസഭയിൽ ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 27683787 | (*)39275823 | 66959610 | 66959610 | | 0 |
| - എസ്.സി. പി. | 10626226 | 13089046 | 23715272 | 17504046 | 6211226 | 0 |
| - ടി.എസ്. പി. | 0 | 0 | 0 | 0 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 24406839 | 30596633 | 55003472 | 29657875 | 25345597 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 7719000 | 0 | 7719000 | 0 | 7719000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2812720 | 20867660 | 23680380 | 23680380 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 4731473 | 6408001 | 11139474 | 11139474 | 0 | 0 |
| എ.യു.ഇ.ജി.എസ്. | 521003 | 2056250 | 2577253 | 2577253 | 0 | 0 |
| ബി ഫണ്ട് | 0 | 36249620 | 36249620 | 36249620 | 0 | 0 |

(*) വികസന ഫണ്ട് – പൊതുവിഭാഗത്തിലെ വരവിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയായ 3,92,75,823/- രൂപയാണ് ഉൾപ്പെട്ടിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 156 | 231577527 | 130 | 124275564 | 13 | 13 | 83.33 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 878338 | 441838 | 50.30 |
| വെറ്ററിനറി സർജൻ | 4 | 4 | 527500 | 327500 | 62.08 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 1195570 | 1195570 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 700000 | 482648 | 68.95 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 1700000 | 0 | 0 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 9 | 9 | 28885000 | 10635000 | 36.82 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 7204300 | 4850335 | 67.33 |
| പ്രിൻസിപ്പാൾ, ഗവ. വി.എച്ച്.എസ്.എസ് | 3 | 3 | 2699272 | 2698700 | 99.98 |
| സെക്രട്ടറി | 18 | 12 | 13700676 | 12396491 | 90.48 |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | 15 | 13 | 17190000 | 10879780 | 63.29 |
| മുനിസിപ്പൽ എഞ്ചിനീയർ | 91 | 87 | 156896871 | 80367702 | 51.22 |
| ആകെ | 156 | 143 | 231577527 | 124275564 | 53.66 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.09 ശതമാനം വർധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 147465682 | 165008057 | (+)17542375 | (+)11.90 |
| നികുതിയേതര വരവുകൾ | 13519876 | 16231486 | (+)2711610 | (+)20.06 |
| മറ്റുവരവുകൾ | 4959785 | 4761462 | (-)198323 | (-)4.00 |
| ആകെ | 165945343 | 186001005 | (+)20055662 | (+)12.09 |

## 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36120 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 1782000 | 219 |
| വിധവാപെൻഷൻ | 14288800 | 1580 |
| വാർദ്ധക്യകാല പെൻഷൻ | 15646200 | 3100 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3755700 | 390 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 380800 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 360000 | 12 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62,413/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | |
|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ |
| 103 | 5 | 138 | 246 | 246 | 31 | 18 | 0 | 13 | 31 |

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2016 മുതൽ 10.06.2016 വരെ | 2014-15 II-ാം പകുതി മുതൽ 2015-16 I-ാം പകുതി വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2014 മുതൽ 07.03.2014 വരെ | 2009-10 മുതൽ 2012-13 വരെ | 29.05.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകളുടെ സ്റ്റോക്ക്

മുനിസിപ്പാലിറ്റിയുടെ സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 27.09.2016 ൽ 26000 മുതൽ 30000 വരെ നമ്പരിലുള്ള രസീതുകൾ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അവ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. 13.01.2017 ൽ നടത്തിയ സ്റ്റോക്ക് വെരിഫിക്കേഷനിൽ 30555 മുതൽ 36000 നമ്പരിലുള്ള രസീതുകൾ(സ്റ്റേഷനറി) അവശേഷിക്കുന്നതായും 30001 മുതൽ 30554 വരെ നമ്പറുകളിലുള്ള രസീതുകൾ ഉപയോഗിച്ചിരിക്കുന്നതായും കണ്ടു. അതായത് 30001 മുതൽ 36000 വരെ നമ്പരിലുള്ള രസീതുകൾ കൈപ്പറ്റിയത് സ്റ്റോക്കിൽ ചേർക്കാതെ ക്യാഷ്യർക്ക് കൈമാറുകയും ആയത് 30554 വരെ വെരിഫിക്കേഷൻ സമയം വരെയും ഉപയോഗിച്ചിട്ടുണ്ട്. സ്റ്റോക്കിൽ ചേർക്കാത്ത രസീതുകളുടെ ഉപയോഗം സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 23 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. രസീതുകൾ ക്രമമനുസരിച്ച് ഉപയോഗിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സാഖ്യ രസീതുകൾ കൃത്യമായി സ്റ്റോക്കിൽ ഉൾപ്പെടുത്തി ഉപയോഗിക്കേണ്ടതാണ്.

## 2-2 കെട്ടിട നികുതി ഇനത്തിലെ കുടിശ്ശിക

മുനിസിപ്പാലിറ്റിയുടെ കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ വർഷങ്ങളായി, പിരിച്ചെടുക്കാതെ അവശേഷിക്കുന്ന തുകയിൽ, മുനിസിപ്പൽ വാർഡ് നമ്പർ 22, 23 പരിധിയിൽ ഉൾപ്പെട്ട കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയുടെ വിദ്യാഭ്യാസ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഡിമാൻറ് ചെയ്ത തുകയും ഉൾപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ കെട്ടിട നികുതി പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെട്ട കാലയളവിലെ നികുതി നഗരസഭയ്ക്ക് പിരിച്ചെടുക്കാൻ സാധിക്കുകയില്ല. ആയതിനാൽ കുടിശിക തുകയിൽ നിന്നും മേൽപ്പറഞ്ഞ കാലയളവിലെ തുക ഒഴിവാക്കാവുന്നതാണ്. കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക സമയബന്ധിതമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കളമശ്ശേരി നഗരസഭയുടെ 2015-16 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. വിശദ വിവരം ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിൻറെ പേര് / സ്റ്റാഫിന്റെ എണ്ണം | ഒന്നാം അർദ്ധ വർഷം ഈടാക്കിയത് | രണ്ടാം അർദ്ധ വർഷം ഈടാക്കിയത് | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1. | 3 | GHSS Kalamassery +2 section | 4950 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 4950 |
| 2 | 3 | Rajagiri Collegeof Social Science , 20 staff | 14100 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 14100 |
| 3 | 3 | Margin Free market | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | |
| 4 | 3 | Navjyothi Marine Design and construction P. | 33710 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 33710 |

| | | | | | |
|---|---|---|---|---|---|
| | | Ltd.,39 staff | | | |
| 5 | 3 | Muthoot Fin Corp. , 4 Staff | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 1200 | 1200 |
| 6 | 4 | Bank of Baroda | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | |
| 7 | 4 | Canara Bank | 3750 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 3750 |
| 8 | 4 | South Indian Bank, Kalamassery | 11250 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 11250 |
| 9 | 4 | Kalamassery Service Co- op Bank Ltd No. 3045, 20 staff | 23000 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 23000 |
| 10 | 4 | Birla Tyres, 9 staff | 11250 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 11250 |
| 11 | 4 | Federal Bank kalamassery, 13 Saff | 16250 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 16250 |
| 12 | 4 | BSNL, 54 staff | 67000 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 67000 |
| 13 | 5 | Kerala WaterAuthority, Sub Div, Kalamassery, 12 staff | 14750 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 14750 |
| 14 | 5 | Muhammed Afsal E.A. Sr. Inspector, ITI Kalamassery | 1250 | ഈടാക്കിയതായി രേഖപ്പെടുത്തി യിട്ടില്ല | 1250 |
| 15 | 5 | N. Santhakumar, Joint Director, SITTTR, HMT Jn. | 1250 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 1250 |
| 16 | 5 | Charles G. Librarian, GPTC. | 1250 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 1250 |
| 17 | 5 | K.S. Purushan, Principal GPCT | 1250 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 1250 |
| 18 | 5 | Kerala WaterAuthority , water supply | 30600 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 30600 |

| | | | | | |
|---|---|---|---|---|---|
| | | section – 1 Klmsry, 26 staff | | | |
| 19 | 5 | Kerala State Nirmithi Kendra | 10780 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 10780 |
| 20 | 5 | KSEB , O/o the Dy. Chief Engineer, System operation Circle,HMT Colony , Klmsry | 85286 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 85286 |
| 21 | 5 | Chief Engineer (Thermal Project Klmsy, (KSEB) 7 Staff | 8750 | ഈടാക്കിയതായി രേഖപ്പെടു ത്തിയിട്ടില്ല | 8750 |
| 22 | 6 | Satwa Solutions, Near HMT, 14 staff | 2520 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 2520 |
| 23 | 10 | ISSSDB SecurityServices P. Ltd., 425 staff | 250660 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 250660 |
| 24 | 10 | Godreg & Boyce Mfg Co. Ltd, 10/64, 82 staff | 94180 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 94180 |
| 25 | 10 | Right Resources, HMT Colony, | 25057 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 25057 |
| 26 | 16 | Jacsons Furniture P Ltd. Kangarappady, 3 staff | 1500 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 1500 |
| 27 | 18 | University Library | 5730 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 5730 |
| 28 | 18 | Vidyabharathi institute of Management & Technology, 22 staff | 15550 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 15550 |
| 29 | 32 | Kalamassery Municipality Contingent Workers, 21 staff | 12450 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 12450 |
| 30 | 32 | PSN Info Tech P. Ltd. 5 staff | 5200 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 5200 |

| | | | | | |
|---|---|---|---|---|---|
| 31 | 32 | TCI Freight, kalamassery, 25 staff | 13840 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 13840 |
| 32 | 33 | TCI Freight, kalamassery, staff ( opp. TVS) S. Klmsry, 9 staff | 5020 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 5020 |
| 33 | 33 | Giyo International, 18 staff | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 10552 | 10552 |
| 34 | 34 | K.S. Usman, Lens & Frames, LULU Mall, 34/930, 9 Staff | 4310 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 4310 |
| 35 | 34 | Federal Bank Ltd, Lulu Mall, 7 staff | 8750 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 8750 |
| 36 | 34 | Organisation Secure Parking Solutions P.Ltd. | 54030 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 54030 |
| 37 | 34 | PVR LTD. 34/1045, LULU Mall, 18 staff | 11671 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 11671 |
| 38 | 34 | SMA Restaurent & Service P Ltd. | 5950 | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | 5950 |
| 39 | 34 | Harvey Laboratories P Ltd. Toll Jn | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | |

കൂടാതെ ക്രമ നമ്പർ 2,3,6,7,8,27 എന്നിവയുടെ സ്റ്റാഫ് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽനിന്നും സമയബന്ധിതമായി നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 10 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രണ്ടാം അർദ്ധവർഷത്തിലും മേൽസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വിലയിരുത്തുന്നു. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തൊഴിൽ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

## **2-4** പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിററി നിയമം ( വകുപ്പ് 311, 313) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടില്ലാത്തതാണ്. ആയതിനാൽ ഈ വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾക്കായി പ്രത്യേക രജിസ്റ്റർ നഗരസഭ സൂക്ഷിക്കേണ്ടതാണ്.

## 2-5 ഭൂവികസനഫീസ് ഈടാക്കിയില്ല - നഷ്ടം 9998/- രൂപ

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 11(3) പ്രകാരം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം നൽകുന്നതിന് ഒരു ആറിന് 750/- രൂപ നിരക്കിൽ ഭൂവികസനഫീസ് ഈടാക്കേണ്ടതാണ്. താഴെ പറയുന്ന പെർമിറ്റുകൾക്ക് ഭൂവികസന ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിൻറെ / ഉടമയുടെ പേര് | പെർമിറ്റ് നം. | സ്ഥല വിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1. | Venture Realtors India (P) Ltd. | BA2 298/15/ 18.1.16 | 13.33 ആർ | 13.33 x 750 = 9997.5 |
| | ആകെ | | | 9998/- |

മേൽപ്പറഞ്ഞ 9998 രൂപ ഭൂവികസന ഫീസ് ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്രഹ്മപുരം പ്ലാന്റിലേക്ക് കൊണ്ടുപോകുന്ന ഖരമാലിന്യം -ചെലവ് വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

കളമശ്ശേരി നഗരസഭയിൽ നിന്ന് ബ്രഹ്മപുരം പ്ലാന്റിലേക്ക് കൊണ്ടുപോകുന്ന ഖരമാലിന്യത്തിന് ഒരു കിലോയ്ക്ക് ഒരു രൂപ എന്ന നിരക്കിൽ കൊച്ചി കോർപ്പറേഷന് നൽകുന്നുണ്ട്. കൊച്ചി കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റിനോടൊപ്പം ഓരോ ദിവസവും ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കുന്ന ഖരമാലിന്യത്തിന്റെ തൂക്കം രേഖപ്പെടുത്തുന്ന കംപ്യൂട്ടറൈസ്ഡ് വേയിംഗ് ബ്രിഡ്ജിന്റെ ബില്ല് ഉൾപ്പെടുത്തിയിട്ടില്ല. 2015-16 വർഷത്തിൽ കൊച്ചി കോർപ്പറേഷന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം | തിയതി | തുക |
|---|---|---|---|---|
| 1 | 74-4/15 | 995259 | 22.4.15 | 340950 |
| 2 | 119-4/15 | 000634 | 27.4.15 | 349720 |
| 3 | 43-6/15 | 185420 | 6.6.15 | 412055 |
| 4 | 90-6/15 | 185430 | 20.6.15 | 427810 |
| 5 | 167-9/15 | 521766 | 29.9.15 | 370370 |
| 6 | 168-9/15 | 521766 | 29.9.15 | 411195 |

| | | | | |
|---|---|---|---|---|
| 7 | 72-10/15 | 521787 | 9.10.15 | 2076568 |
| 8 | 120-2/16 | 639245 | 19.2.16 | 1214575 |
| | | | ആകെ | 5603243 |

കൂടാതെ ഖരമാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ എത്തിച്ച വകയിൽ ശ്രീ സക്കീർ ബാബുവിന് ഒരു ദിവസം 3000/- രൂപ എന്ന നിരക്കിൽ താഴെ സൂചിപ്പിക്കും പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റിൽ ഖരമാലിന്യത്തിന്റെ തൂക്കം രേഖപ്പെടുത്തിയിട്ടില്ല. ടിയാന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം | തിയതി | തുക |
|---|---|---|---|---|
| 1 | 42-6/15 | 072624 | 6.6.15 | 154440 |
| 2 | 96-9/15 | 185448 | 18.9.15 | 332640 |
| 3 | 187-2/16 | 639276 | 22.2.16 | 439312 |
| 4 | 158-3/16 | 639339 | 29.3.16 | 491906 |
| | | | ആകെ | 1418298 |

ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കുന്ന ഖരമാലിന്യത്തിന്റെ തൂക്കം, വണ്ടി നമ്പർ, തിയതി, സമയം എന്നിവ രേഖപ്പെടുത്തുന്ന കംപ്യൂട്ടറൈസ്ഡ് വേയിംഗ് ബ്രിഡ്ജിന്റെ ബില്ല് ഈ നഗരസഭ അതിർത്തിയിൽ നിന്നു തന്നെയുള്ളതും ആയത് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ബില്ലുകളോടൊപ്പം ആയത് ഹാജരാക്കാത്തതിനാൽ കൊച്ചി കോർപ്പറേഷനിൽ നിന്ന് ലഭിച്ച ബില്ലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. നഗരസഭയിൽ നിന്ന് ദിവസേന എത്ര ടൺ ഖരമാലിന്യം ബ്രഹ്മപുരം പ്ലാന്റിലേക്ക് കൊണ്ടുപോകുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് ഒരു രേഖകളുമില്ല. നിലവിലെ സ്ഥിതി ഓഡിറ്റിന് അംഗീകരിക്കുവാൻ സാധിക്കില്ല. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ക്രമവിരുദ്ധമായ നടപടി ക്രമങ്ങൾ ഒഴിവാക്കുന്നതിന് ഭരണ സമിതി സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തത് - 3,10,500/- രൂപ തടസ്സപ്പെടുത്തുന്നു

04.10.2011 ലെ ജി.ഒ (പി) 419/2011/ധന പ്രകാരം മൂന്ന് മാസത്തിനകം മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. 2015-16 വർഷത്തിൽ നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. 2015-16 ൽ മുൻകൂർ നൽകിയതും നാളിതുവരെ ക്രമീകരിക്കാത്തതും

| ക്രമ നം | മുൻകൂർ നൽകിയ തിയതി | ജീവനക്കാരന്റെ പേര്, തസ്തിക | മുൻകൂർ നൽകിയതിന്റെ ഉദ്ദേശം | മുൻകൂർ നൽകിയ തുക | മുൻകൂർ ക്രമീകരിക്കേണ്ട തിയതി |
|---|---|---|---|---|---|
| 1 | 9.4.15 | K S Sasikumar HI IInd | Repairing Municipal vehicle | 8500 | 8.7.15 |
| 2 | 26.8.15 | Ramkumar PWO IIIrd | Silver jubilee office inauguration | 100000 | 25.11.15 |

| | | | | | |
|---|---|---|---|---|---|
| 3 | 25.9.15 | Aniyankunju PWO Ist | Mini park foundation stone ceremony | 30000 | 24.12.15 |
| 4 | 25.9.15 | Ramkumar PWO IIIrd | Ayurveda hospital inauguration | 75000 | 24.12.15 |
| 5 | 1.10.15 | Ramkumar PWO IIIrd | Anganwadi foundation stone ceremony | 30000 | 31.12.15 |
| 6 | 14.12.15 | K S Sasikumar HI IInd | Advance for Keralolsavam | 50000 | 13.3.16 |
| 7 | 3.2.16 | Ramkumar PWO IIIrd | Demolishing of unauthorised building | 10000 | 2.2.16 |
| 8 | 15.2.16 | Lenin E T, PWOIst | Digging of Borewell paid to Ground Water Dept | 7000 | 14.5.16 |
| | | ആകെ | | 310500 | |

.

2. 2015-16 ൽ മുൻകൂർ നൽകിയതും സമയപരിധി കഴിഞ്ഞ് ക്രമീകരിച്ചത്

| ക്രമ നം | മുൻകൂർ നൽകിയ തിയതി | ജീവനക്കാരന്റെ പേര്, തസ്തിക | മുൻകൂർ നൽകിയ തിന്റെ ഉദ്ദേശം | മുൻകൂർ നൽകിയ തുക | മുൻകൂർ ക്രമീകരി ക്കേണ്ട തിയതി | മുൻകൂർ ക്രമീക രിച്ച തിയതി | വീഴ്ച് വരുത്തിയ ദിവസ ങ്ങൾ, പിഴ പലിശ |
|---|---|---|---|---|---|---|---|
| 1 | 12.8.15 | M N Rajendran, Agriculture Officer | Farmer's day celebration | 15000 | 11.11.15 | 17.12.15 | 128 days 947/- |
| 2 | 25.9.15 | K S Sasikumar HI IInd | Common facility centre in ward 26 | 30000 | 24.12.15 | 28.1.16 | 126 days, 1864/- |
| 3 | 25.9.15 | K S Sasikumar HI IInd | Anganwadi inauguration in ward 35 | 30000 | 24.12.15 | 28.1.16 | 126 days, 1864/- |
| 4 | 25.9.15 | K S Sasikumar HI IInd | Buds school inauguration | 30000 | 24.12.15 | 28.1.16 | 126 days, 1864/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 25.9.15 | K S Sasikumar HI IInd | Anganwadi inauguration in ward 5 | 30000 | 24.12.15 | 28.1.16 | 126 days, 1864/- |
| 6 | 1.10.15 | Sasidharan JHI IInd | Changampuzha park inauguration in ward 5 | 25000 | 31.12.15 | 28.1.16 | 28 days, 345/- |
| 7 | 1.10.15 | Sasidharan JHI IInd | Swasraya kudivella project inauguration in ward 36 | 25000 | 31.12.15 | 28.1.16 | 28 days, 345/- |
| 8 | 11.3.16 | P Remani RI | lprovement of tax collection | 25000 | 10.6.16 | 26.8.16 | 169 days, 2084/- |
| | | | | | | | |

.

3. 2015-16 ന് മുൻപ് മുൻകൂർ നൽകിയതും 2015-16 വർഷം ക്രമീകരിച്ചപ്പോൾ പലിശ ഈടാക്കാത്തതും

| ക്രമ നം | മുൻകൂർ നൽകിയ തിയതി | ജീവനക്കാരന്റെ പേര്, തസ്തിക | മുൻകൂർ നൽകിയ തിന്റെ ഉദ്ദേശം | മുൻകൂർ നൽകിയ തുക | മുൻകൂർ ക്രമീകരി ക്കേണ്ട തിയതി | മുൻകൂർ ക്രമീകരിച്ച തിയതി | വീഴ്ച് വരുത്തിയ ദിവസ ങ്ങൾ, പിഴ പലിശ |
|---|---|---|---|---|---|---|---|
| 1 | 5.1.13 | D Biju, JHI IInd | Removing advertisement board in connection with visit of Preident & Prime Minister | 30000 | 4.4.13 | 25.6.15 | 902 days, 13345/- |
| 2 | 4.6.13 | Kunju muhammed, PWO Ist | Boundry fixing at canal puramboke at Edapally | 10000 | 3.9.13 | 11.9.15 | 830 days, 4093/- |
| 3 | 31.7.13 | D Biju, JHI IInd | Fitness certificate registration for autorickshaw | 10000 | 30.10.13 | 26.5.15 | 663 days, 3270/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 23.1.14 | Sudhir, JHI IInd | Republic day celebration | 10000 | 22.4.14 | 25.6.15 | 519 days, 2559/- |
| 5 | 20.2.14 | Nandakumar, PWO IIIrd | Town Hall inauguration | 100000 | 19.5.14 | 4.5.15 | 439 days, 21649/- |
| 6 | 20.2.14 | Ramkumar PWO IIIrd | Crematorium inauguration | 100000 | 19.5.14 | 4.5.15 | 439 days, 21649/- |
| 7 | 5.6.14 | Aniyankunju PWO Ist | Thevakkal LP School inauguration | 30000 | 4.9.14 | 25.6.15 | 386 days, 5711/- |
| 8 | 8.8.14 | D Biju, JHI IInd | Independence day celebration | 10000 | 7.11.14 | 25.6.15 | 321 days, 1583/- |
| 9 | 10.9.14 | Aniyankunju PWO Ist | Advance for Keralolsavam | 100000 | 9.12.14 | 30.6.15 | 294 days, 14500/- |
| 10 | 30.9.14 | Aniyankunju PWO Ist | Advance for bridge inauguration | 25000 | 29.12.14 | 9.7.15 | 282 days, 3477/- |

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1997-98 വർഷം മുതലുള്ള മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയും പിഴപ്പലിശ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 3-3 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S094/16 |
| പ്രോജക്ടിന്റെ പേര് | വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | എസ്.സി.ഡി.ഒ |
| അടങ്കൽ | 680000/- (എസ്.സി.പി.ഫണ്ട്) |
| ചെലവ് | 680000/-(ബിൽ.നം 33/15-16,18.3.16) |

മേൽ പദ്ധതി പ്രകാരം നഗരസഭ പരിധിയിൽ താമസിക്കുന്നവരും ഒന്നു മുതൽ പത്താം ക്ലാസുകളിൽ പഠിക്കുന്നവരുമായ 170 എസ്.സി വിദ്യാർത്ഥികൾക്ക് 170 എണ്ണം വീതം മേശയും കസേരയും സിഡ്കോയിൽ നിന്നും വാങ്ങി (sidco invoice no.546/29.3.16) വിതരണം ചെയ്തതിലേക്ക് 680000/- രൂപ എസ്.സി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 16.11.13 തിയതിയിലെ ജി.ഒ.(എം.എസ്)362/13/ത.സ്വ.ഭ.വ ഖണ്ഡിക 6.8 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാവണം പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ നിശ്ചയിക്കേണ്ടത്. ഫർണിച്ചർ വിതരണവും സ്കൂൾ അധികൃതർ മുഖേനയാവണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു. പദ്ധതിയാനുകൂല്യത്തിനുള്ള അപേക്ഷഫോറത്തിൽ അതാതു സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രമുണ്ടെങ്കിലും കളമശ്ശേരി നഗരസഭയിൽ പദ്ധതിയാനുകൂല്യത്തിനർഹരായ 170 കുട്ടികളേയും വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് തെരഞ്ഞെടുത്തത്. മാത്രമല്ല ഫർണിച്ചർ വിതരണം SCDO ഓഫീസ് മുഖേന വിവിധ തീയതികളിലായാണ് നടത്തിയത്. ഇത്തരം ന്യൂനതകൾ ആവർത്തിക്കാതെ സർക്കാർ മാർഗരേഖ പ്രകാരം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും - 12,77,500/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട്.നം | SO138/16 |
| പ്രോജക്ടിന്റെ പേര് | ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 25,50,000/-( വികസന ഫണ്ട് ) |
| ചെലവ് | 12,77,500/- (41/15-16,29.1.16) |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.3.15 ലെ സ.ഉ(സാധാ)നം 957/15 തസ്വഭവ പ്രകാരം ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും എന്ന പദ്ധതി നടപ്പാക്കുന്നതിലേക്ക് കേരള വനിത വികസന കോർപ്പറേഷനുമായി കരാറിലേർപ്പെട്ടതിന്റെ (കരാർ.നം 251/15-16, 30.12.15) അടിസ്ഥാനത്തിൽ അടങ്കൽ തുകയുടെ 50% തുകയായ 12,77,500/-രൂപ ഡി.ഡി.യായി (ഡി.ഡി.നം 900011/1.2.16) മാനേജിംഗ് ഡയറക്ടർ KSWDC യ്ക്ക് നൽകിയിട്ടുണ്ട്. കരാർ പ്രകാരം (clause എ3) കരാറിലേർപ്പെട്ട് അഡ്വാൻസ് തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ജലശുദ്ധീകരണസംവിധാനം (water purifying system) സ്ഥാപിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പദ്ധതിയുടെ പ്രാരംഭപ്രവർത്തികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 12,77,500/-രൂപ തടസ്സപ്പെടുത്തുന്നു. നിർദ്ദിഷ്ട രീതിയിൽ പദ്ധതി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു പ്രോജക്ട് ആരംഭിക്കുന്നതിന് പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന പ്രോജക്ട് റിപ്പോർട്ട് അത്യന്താപേക്ഷിതമാണ്. കരാറുകാരായ വനിതാ വികസന കോർപ്പറേഷൻ തയ്യാറാക്കേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അഭാവം ഒരു പോരായ്മയായിത്തന്നെ ഓഡിറ്റ് വിലയിരുത്തുന്നു.

.

## 3-5 ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായില്ല - 1,56,686/- രൂപ തടസ്സപ്പെടുത്തുന്നു

1)

| | |
|---|---|
| പ്രോജക്ട് നം | SO128/16 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനം |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്) |
| ചെലവ് | 3,44,633/-(വികസന ഫണ്ട്) |

പാലിയേറ്റീവ് നഴ്സിന് ഹോണറേറിയം, യാത്ര,ഭക്ഷണം,മരുന്നുകൾ എന്നീ ഇനങ്ങളിലായി വികസനഫണ്ടിൽ നിന്നും വിവിധ ബില്ലുകളിലായി ആകെ 3,44633/-രൂപ 2015-16 വർഷം ചെലവഴിച്ചിട്ടുണ്ട്.ബിൽ.നം 8/15-16 തീയതി 31/3/16 പ്രകാരം 91,272/-രൂപ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും (ഡി.ഡി.നം 686055/7.4.16) ഇൻവോയിസ് അനുസരിച്ചുള്ള (Proforma Invoice no-3150/ 29.2.16) മരുന്നുകളും ഉപകരണങ്ങളും ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ

ലഭ്യമാക്കാത്തതിനാൽ 91,272/- രൂപ തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് പോലെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ ഇത്തരം കാലതാമസമുണ്ടാവുന്നത് ന്യായീകരിക്കാവുന്നതല്ല. മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ വാങ്ങുമ്പോളുണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം | S0134/16 |
| പ്രോജക്ടിന്റെ പേര് | മരുന്നു വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 2,00,000/-(വികസന ഫണ്ട്) |
| ചെലവ് | 1,38,015/-(ബിൽ.നം 7/15-16 /31.3.16,വികസന ഫണ്ട്) |

പദ്ധതി പ്രകാരം പി.എച്ച്.സി ക്ക് മരുന്നു വാങ്ങുന്നതിന് മെഡിക്കൽ സർവീസ് കോർപ്പറേഷന് 1,05,825/- രൂപ (ഡി.ഡി.നം 686056/7.4.16) നൽകിയതിൽ 40,411/- രൂപക്കുള്ള മരുന്നുകൾ മാത്രമേ 2016 ഒക്ടോബറിൽ ലഭ്യമായുള്ളൂ. അവശേഷിക്കുന്ന തുകയ്ക്കുള്ള (105825-40411=65414/-) മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 65,414/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ക്വട്ടേഷനുകൾ ലഭിച്ചതിന്റെ രേഖകളില്ല- 90,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0015/16 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 90,000/-( വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | ബിൽ.നം - 3/15-16 തീയതി 29.12.15 തുക- 90,000/- |

പദ്ധതി നടത്തിപ്പിലേക്കായി 5 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ടെന്ന് ഫയലിലുള്ള വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അജണ്ടയുടെ പകർപ്പിൽ (J/16134/15 17.12.15) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്വട്ടേഷനുകളും അവയുടെ comparative സ്റ്റേറ്റ്മെന്റും പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1 തീയതി 5.1.17) അവ ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. മേൽ രേഖകളുടെ അഭാവത്തിലും കരാറുകാരെ എപ്രകാരം തെരഞ്ഞെടുത്തുവെന്ന കാര്യത്തിൽ വ്യക്തതയില്ലാത്തതിനാലും മരുന്ന് വാങ്ങാൻ ചെലവഴിച്ച 90,000/- രൂപ തടസ്സപ്പെടുത്തുന്നു.

.

## 3-7 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം 49,985.00

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | :സംരക്ഷണ ഭിത്തി നിർമ്മാണം എസ്.റ്റി കോളനി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | :എസ് 0161/16 |
| പ്രോജക്റ്റ് കോസ്റ്റ് | :10,00,000.00 |
| കരാറുകാരൻ | :ടി.എ.ഷംസുദ്ദീൻ |
| അളവു പുസ്തകം നമ്പർ | :182/15-16,189/15-16 |
| ചെലവ് വിവരം | :4,15,759.00(ബിൽ നമ്പർ - 40/15-16 തിയതി 26.03.2016) |

2015-16 ൽ നടപ്പാക്കിയ മേല്പറഞ്ഞ പ്രോജക്റ്റിൽ എസ്.റ്റി കോളനിയുടെ കോൺക്രീറ്റ് (1:1.5:3 using 20mm) സംരക്ഷണ ഭിത്തി (മതിൽ) നിർമ്മാണത്തിന് ഐറ്റം നമ്പർ 5പ്രകാരം 373.08cm2 ഫോം വർക്ക് നടത്തിയിട്ടുണ്ട്. DSR 2014, CPWD ഐറ്റം നമ്പർ 5.9.2പ്രകാരം 522.29രൂപ/m2 (Cost Index 1.4476) നിരക്കാണ് മതിലിന്റെ (Walls) ഫോം വർക്കിന് നൽകാവുന്നത്. എന്നാൽ മേൽപറഞ്ഞ വേലയിൽ DSR ഐറ്റം നമ്പർ 5.9.6പ്രകാരം 656.27രൂപ/m2 (Cost Index 1.4476) നിരക്കാണ് നൽകിയിരിക്കുന്നത്. ഫൗണ്ടേഷൻ, കോളം, ഫൂട്ടിങ്ങ്സ് എന്നിവയുടെ ഫോം വർക്കിനുള്ള നിരക്കാണ് DSR ഐറ്റം നമ്പർ 5.9.6പ്രകാരമുള്ള 656.27രൂപ/m2 നിരക്ക്. മതിലിന്റെ ഫോം വർക്കിന് 522.29രൂപ/m2 നിരക്കാണ് അനുവദനീയം. 656.27/m2 നിരക്ക് നൽകിയതിലൂടെ 1M2 ന് 133.98 രൂപ വീതം അധികം നൽകിയിരിക്കുന്നു. അധികം തുക നൽകിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | നൽകിയത് | | | നൽകാവുന്നത് | | |
|---|---|---|---|---|---|---|
| ഐറ്റം | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| 5 | 373.08m2 | 656.27/m2 | 244841.21 | 373.08m2 | 522.29/m2 | 194855.95 |

അധികം നൽകിയ 49,985 രൂപ (244841.21-194855.95) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 **RCC (1:2:4 using 20mm)**വർക്കിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം **93,806.00**

2015-16 ൽ നടപ്പാക്കിയ വിവിധ പ്രോജക്റ്റുകളിൽ (പ്രോജക്റ്റ് നമ്പർ എസ് 0060/16, 0061/16, 0083/16) സംരക്ഷണ ഭിത്തി (മതിൽ) നിർമ്മാണത്തിന് നടത്തിയ RCC പ്രവൃത്തികളിൽ (1:2:4 using 20mm) DSR 2014, CPWD ഐറ്റം നമ്പർ 5.2.3 പ്രകാരം up to v floor വരെയുള്ള കോൺക്രീറ്റിങ്ങിന്റെ നിരക്കായ 9510.73രൂപ/m3 (Cost Index 1.4476) നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ പ്രവർത്തികളിൽ ഫൗണ്ടേഷൻ ഉൾപ്പെടെയാണ് അളവ് കണക്കാക്കിയിരിക്കുന്നത്. ഫൗണ്ടേഷൻ പ്രവർത്തികൾക്ക് DSR ഐറ്റം നമ്പർ 5.1.3

പ്രകാരം 8288.81രൂപ/m3 (Cost Index 1.4476) നിരക്കാണ് നൽകാവുന്നത്. അനുവദനീയമായ CPWD ഐറ്റം നമ്പർ 5.1.1ന് പകരം 5.2.3 പ്രകാരമുള്ള നിരക്ക് നൽകിയതിലൂടെ 1m3 ന് 1221.92 രൂപ വീതം അധികം നൽകിയിട്ടുണ്ട്. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | കരാറുകാരൻ/ എം ബുക്ക് നമ്പർ | ഫൗണ്ടേഷൻ അളവ് | അനുവദിച്ചത് @ 9510.73 | അനുവദി ക്കാവുന്നത് @ 8288.81 | അധികം അനുവ ദിച്ചത് | ചെലവ് വിവരം |
|---|---|---|---|---|---|---|
| എസ് 0060/16 മന്നോപ്പിള്ളി SC കോളനി സംരക്ഷണ ഭിത്തി നിർമ്മാണം | മൂസ.കെ.ഐ 149/15-16 155/15-16 | 29.75m3 | 282944.21 | 246592.09 | 36352.12 | 1361241.00- Bill No. 21/15-16 (Vol-II) dtd 11.03.16 |
| എസ് 0061/16 മന്നോപ്പിള്ളി SC കോളനി സംരക്ഷണ ഭിത്തി നിർമ്മാണം | കെ.പി.കരീം 193/15-16 194/15-16 | 22.269m3 | 211794.44 | 184583.50 | 27210.94 | 1245530.00- Bill No. 63/15-16 (Vol-II) dtd 27.03.16 |
| എസ് 0083/16 മന്നോപ്പിള്ളി SC കോളനി സംരക്ഷണ ഭിത്തി നിർമ്മാണം | കെ.പി.കരീം 156/15-16 159/15-16 | 24.75m3 | 235390.56 | 205148.04 | 30242.52 | 1013483.00- Bill No. 45/15-16 (Vol-II) dtd 27.03.16 |
| ആകെ നഷ്ടം | | | | | 93805.58 | |

അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നമ്പർ 13) മറുപടിയിൽ ഫൗണ്ടേഷനിലുള്ള ഹീൽ സ്ലാബും ടോർ സ്ലാബും മതിലിന്റെ ഭാഗമായതിനാലാണ് കൂടിയ നിരക്ക് അനുവദിച്ചതെന്ന് മുനിസിപ്പൽ എഞ്ചിനീയർ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള പ്രവൃത്തിക്ക് പ്രത്യേകം നിരക്കുള്ളപ്പോൾ അധികം നിരക്ക് നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക 93,806/- രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-9 സിമന്റ് കോൺക്രീറ്റിങ്ങ് (1:2:4 using 20mm) വർക്കിന് അധിക നിരക്ക് നൽകിയത് - 60043/- രൂപ നഷ്ടം

2015-16 ൽ നടപ്പാക്കിയ വിവിധ പ്രോജക്റ്റുകളിൽ റോഡ്, ചപ്പാത്ത് നിർമ്മാണത്തിലെ സിമന്റ് കോൺക്രീറ്റിങ്ങ് (വെയറിങ്ങ് കോട്ട്) പ്രവൃത്തികൾക്ക് ( C C 1:2:4 using 20mm) CPWD അദ്ധ്യായം 11 ലെ ഐറ്റം നമ്പർ 11.7പ്രകാരമുള്ള ഫ്ലോറിങ്ങ് കോൺക്രീറ്റിങ്ങിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ പ്രവർത്തിക്ക് CPWD അദ്ധ്യായം 4 ലെ ഐറ്റം നമ്പർ 4.1.3 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. റോഡ്, ചപ്പാത്ത് നിർമ്മാണങ്ങൾക്ക് C C 1:4:8 using 40mm കോൺക്രീറ്റിങ്ങിന് CPWD അദ്ധ്യായം 4 ലെ ഐറ്റം നമ്പർ 4.1.8 പ്രകാരമുള്ള നിരക്കും ഇതിനുമുകളിലെ C C 1:2:4 using 20mm ഉപയോഗിച്ചുള്ള വെയറിങ്ങ് കോട്ടിന് കോൺക്രീറ്റിങ്ങിന് CPWD അദ്ധ്യായം 11 ലെ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫ്ലോറിങ്ങിന്റെ നിരക്കുമാണ് നൽകിയിരിക്കുന്നത്. അദ്ധ്യായം 11 ലെ ഫ്ലോറിങ്ങിനുള്ള നിരക്കുകളിൽ ഫിനിഷിങ്ങിനുള്ള അഡീഷണൽ ലേബർ ഉൾപ്പെടുന്നുണ്ട്. റോഡ്, ചപ്പാത്ത് എന്നിവയുടെ വെയറിങ്ങ് കോട്ടിന് ഫ്ലോറിങ്ങിനുള്ള ഫിനിഷിങ്ങ് ആവശ്യമില്ല. CPWD അദ്ധ്യായം 4 ലെ ഐറ്റം നമ്പർ 4.1.3 പ്രകാരമുള്ള C C 1:2:4 using 20mm ന്റെ നിരക്കാണ് അനുവദിക്കാവുന്നത്. ഇതിനുപകരം CPWD അദ്ധ്യായം 11 ലെ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള നിരക്ക് അനുവദിച്ചതിലൂടെ താഴെ പറയും പ്രകാരം അധിക ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

.

| പ്രോജക്റ്റ് നമ്പർ/പേര് | കരാറുകാരൻ/ എം ബുക്ക് നമ്പർ | അളവ് | അനുവദിച്ചത് @ 8008.17 | അനുവദിക്കാവുന്നത് @ 7600.89 | അധികം അനുവദിച്ചത് | ചെലവ് വിവരം |
|---|---|---|---|---|---|---|
| എസ് 0020/16 മണിയന്ത്രുമുഗൾ സംരക്ഷണ ഭിത്തി | അജീഷ്.C.P 28/15-16 | 14.5m3 | 116118.46 | 110212.90 | 4895.70 (17.1% below) | 832909.00 Bill No. 10/15-16 (Vol-I) dtd 30.09.15 |
| എസ് 0071/16 ഇലവുങ്കൽ റോഡ് | അഷറഫ്.പി.എ 174/15-16 | 17.901m3 | 143354.25 | 136063.53 | 6853.27 (6% below) | 877200.00 Bill No. 53/15-16 (Vol-II) dtd 21.03.16 |
| എസ് 0035/16 ചാലുങ്കൽ ബൈലയിൻ റോഡ് | പി.എ.എം. കമൽ 11/15-16 | 6m3 | 48049.02 | 45605.34 | 2023.36 (17.2% below) | 98764.00-Bill No. 36/15-16 (Vol-I) dtd 23.02.16 |
| എസ് 0028/16 പൈപ്പ് ലൈൻ റോഡ് NSS വനിത വികസന കേന്ദ്രം | ഹഫീസ് മുഹമ്മദ് 95/15-16 | 27m3 | 216220.59 | 205224.03 | 9554.91 (13.11% below) | 311815.00 Bill No. 27/15-16 (Vol-I) dtd 13.01.16 |
| എസ് 0037/16 പുത്തലത്ത് ടെമ്പിൾ റോഡ് | ഷംസുദ്ദീൻ 106/15-16 | 5.44m3 | 43564.44 | 41348.84 | 1819.00 (17.9% below) | 238548.00 Bill No. 43/15-16 (Vol-I) dtd 24.02.16 |
| എസ് 0032/16 വിവിധ ബൈലൈൻ റോഡ് കോൺക്രീറ്റിങ്ങ് | തൗഫീഖ് 177/15-16 | 70.15m3 | 561773.13 | 533202.43 | 23207.97 (18.77% below) | 782020.00 Bill No. 38/15-16 (Vol-II) dtd 26.03.16 |
| എസ് 0036/16 കുഴിക്കാട്ടുകാവ് റോഡ് ചപ്പാത്ത് | ഷംസുദ്ദീൻ 99/15-16 | 17.20m3 | 137740.52 | 130735.30 | 5681.23 (18.90% below) | 782020.00 Bill No. 38/15-16 (Vol-II) dtd 26.03.16 |
| എസ് 0029/16 പെരിങ്ങഴ ബൈലൈൻ കോൺക്രീറ്റിങ്ങ് | സയിദ് മുഹമ്മദ് 50/15-16 | 17.989m3 | 144058.97 | 136732.41 | 6007.77 (18.00% below) | 294680.00 Bill No. 34/15-16 (Vol-I) dtd 26.03.16 |
| ആകെ നഷ്ടം | | | | | 60043.21 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 21) മറുപടിയിൽ 1:2:4 (using20mm) കോൺക്രീറ്റിങ്ങിന് ഫിനിഷിങ്ങ് ആവശ്യമായതിനാലാണ് CPWD 11.7 പ്രകാരമുള്ള നിരക്ക് നൽകിയതെന്നാണ് മുനിസിപ്പൽ എഞ്ചിനീയർ വ്യക്തമാക്കിയത്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കോൺക്രീറ്റിങ്ങിന് പ്രത്യേക നിരക്കുള്ളപ്പോൾ ഫ്ലോറിങ്ങിന്റെ നിരക്ക് നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക 60043/- രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-10 കളമശ്ശേരി നഗരസഭ - ചിൽഡ്രൻസ് സയൻസ് സിറ്റി

എ. പദ്ധതി - ആസൂത്രണം നിർവ്വഹണം

കളമശ്ശേരി നഗരസഭയിൽ കുട്ടികൾക്കായി അത്യാധുനിക ചിൽഡ്രൻസ് സയൻസ് സിറ്റി എന്ന പ്രോജക്ട് 2013-14 ലാണ് ആരംഭിച്ചത്. ഇത് സ്ഥാപിക്കുന്നതിന് നഗരസഭാ പരിധിയിൽ കിൻഫ്രയുടെ കൈവശമുള്ള സ്ഥലത്തുനിന്ന് 5 ഏക്കർ സ്ഥലം വിട്ടുതരുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കാൻ 29.09.2012 ലെ കൗൺസിൽ തീരുമാനം 12 പ്രകാരം തീരുമാനിച്ചു. സയൻസ് സിറ്റി എന്ന പദ്ധതിക്ക് തുടക്കമിട്ട ഈ കൗൺസിൽ തീരുമാനത്തെത്തുടർന്ന് 4 ഏക്കർ കരഭൂമിയും 1.2 ഏക്കർ വാട്ടർബോഡിയും ഇൻഡസ്ട്രീസ് (G) വകുപ്പിന്റെ 11.06.2013 ലെ GO(Rt) No. 730/2013(ID) ഉത്തരവ് പ്രകാരം നഗരസഭക്ക് ലഭിച്ചു. ബഹു. രാജ്യസഭാംഗങ്ങളായ ശ്രീ. P.രാജീവ് MP, ഡോ.അശോക് S ഗാംഗുലി MP, ശ്രീ. H.K.ദ്വവ MPഎന്നിവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 1 കോടി 58 ലക്ഷം രൂപയും നഗരസഭാ തനത് ഫണ്ടിൽ നിന്ന് 41,12,338 രൂപയുമുൾപ്പെടെ 1,99,12,288/- രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്. ഇന്ത്യ ഗവൺമെന്റ് സയൻസ് & ടെക്നോളജി വകുപ്പിന്റെ സഹകരണത്തോടെ സയൻസ് സിറ്റി സ്ഥാപിക്കുന്ന എന്നതായിരുന്ന ആദ്യ തീരുമാനം. പിന്നീട് MP ഫണ്ട് വിനിയോഗത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 03.08.2013 ൽ കളക്ടർ വിളിച്ച ചേർത്ത യോഗത്തിൽ സയൻസ് സിറ്റിയുടെ പ്രവർത്തന നിർവ്വഹണം "കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി ആന്റ് പ്രിയദർശനി പ്ലാനറ്റോറിയം" (KSSTM) തിരുവനന്തപുരം എന്ന സംസ്ഥാന കേരള സർക്കാർ സ്ഥാപനത്തെ ഏൽപിക്കാൻ തീരുമാനിച്ചു. കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി ആന്റ് പ്രിയദർശനി പ്ലാനറ്റോറിയത്തിന് (KSSTM) ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാൻ മതിയായ ജീവനക്കാരില്ലാത്തതിനാൽ സിവിൽ വർക്കുകൾ നഗരസഭാ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്താൻ തീരുമാനിച്ചു. അതേ സമയം ത്രില്ലേറിയത്തിലെ മോഷൻ സിമുലേറ്റർ (8D Theatre) സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി KSSTM നെ നിയോഗിക്കുകയും ചെയ്തു. KSSTM ഈ പ്രവർത്തി ഗ്ലോബൽ ടെന്ററിലൂടെ പ്രീമിയർ വേൾഡ് ടെക്നോളജി ലിമിറ്റഡ്, കൊൽക്കത്ത എന്ന സ്ഥാപനം മുഖേനയാണ് നടത്തിയത്.

സയൻസ് സിറ്റി നിർമ്മിക്കുന്നതിന് 1,99,12,288/- രൂപയുടെ പദ്ധതിക്ക് ബഹു. എറണാകുളം ജില്ലാ കളക്ടറുടെ 01.11.2013 ലെ RA1/1335/2015/DPO/EKM/MPLADS (PR-002) നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതിയും തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതിയും ലഭിച്ചു. ഭരണാനുമതിയിൽ പദ്ധതിയുടെ ഓരോ ഘടകവും അതിനു വകയിരുത്തിയ തുകയും വിശദമായി പ്രതിപാദിച്ചിരുന്നു. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം സയൻസ് പാർക്കിലെ ത്രില്ലേറിയം(8D Theatre) സ്ഥാപിക്കുന്നതിന് ശ്രീ. P.രാജീവിന്റെ MP ഫണ്ടിൽ നിന്നും 1 കോടി രൂപയും സയൻസ് & ടെക്നോളജി പാർക്ക്, മ്യൂസിയം എന്നിവ സ്ഥാപിക്കുന്നതിന് ഡോ. അശോക് S ഗാംഗുലിയുടെ MP ഫണ്ടിൽ നിന്ന് 40 ലക്ഷം രൂപയും എക്സ്പ്ലോററ്റേറിയം ലാബ് & ആക്റ്റിവിറ്റി കോർണർ, എഡ്യൂസാറ്റ് സ്മാർട്ട് ക്ലാസ് റൂം എന്നിവ സ്ഥാപിക്കുന്നതിന് ശ്രീ. H.K.ദ്വവയുടെ MP ഫണ്ടിൽ നിന്ന് 18 ലക്ഷം രൂപയും മറ്റ് പ്രവർത്തികൾക്ക് നഗരസഭ തനത് ഫണ്ടിൽ നിന്ന് 41,12,338 രൂപയുമാണ് വകയിരുത്തിയത്. M/s അജിത്ത് അസ്സോസിയേറ്റ്സ്, എറണാകുളം എന്ന സ്ഥാപനമാണ് മേല്പറഞ്ഞ പ്രകാരം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ചിൽഡ്രൻസ് സയൻസ് സിറ്റിയിൽ ത്രില്ലേറിയം, സയൻസ് & ടെക്നോളജി പാർക്ക്, മ്യൂസിയം, എക്സ്പ്ലോററ്റേറിയം ലാബ് & ആക്റ്റിവിറ്റി കോർണർ, എഡ്യൂസാറ്റ് സ്മാർട്ട് ക്ലാസ് റൂം എന്നീ നാല് പ്രത്യേക വിഭാഗങ്ങൾ 1,99,12,288/- രൂപ അടങ്കലിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടായിരുന്നു M/s അജിത്ത് അസ്സോസിയേറ്റ്സ്,എറണാകുളം തയ്യാറാക്കിയത്. ഈ പ്രോജക്ടിനാണ് ജില്ലാ കളക്ടർ 1,99,12,288/- രൂപ അടങ്കലിൽ ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ഈ പ്രോജക്ടിന് തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയപ്പോൾ പദ്ധതി അടങ്കൽ തുക 1,90,00,000/- രൂപയായി കുറക്കുകയും ത്രില്ലേറിയം നിർമ്മാണം മാത്രമായി പരിമിതപ്പെടുത്തുകയുമായിരുന്നു. അതേസമയം പുതുക്കിയ ഭരണാനുമതി നൽകിയ ജില്ലാ കളക്ടറുടെ 09.07.2015 ലെ RA1/1335/2015/DPO /EKM/MPLADS (PR-002) നടപടിക്രമത്തിൽ നഗരസഭാ കമ്മറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ തുകയിൽ മാറ്റം വരുത്തുന്നതായി പരാമർശിക്കുന്നതല്ലാതെ ത്രില്ലേറിയം ഒഴികെയുള്ള മറ്റ് ഇനങ്ങൾ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായി പരാമർശിക്കുന്നില്ല. മാത്രവുമല്ല 01.11.2013 ലെ RA1/1335/2015/DPO/EKM/MPLADS (PR-002) ഭരണാനുമതിയിൽ പരാമർശിക്കുന്ന തുകയിലെ വ്യത്യാസമൊഴികെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ലായെന്ന്

പുതുക്കിയ ഭരണാനുമതിയിൽ പ്രത്യേകം പരാമർശിക്കുന്നുമുണ്ട്. ഫലത്തിൽ ജില്ലാ കളക്ടർ ഭരണാനുമതി നൽകിയതും രാജ്യസഭാ MP മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പ്രത്യകം തുക വകയിരുത്തി നൽകിയതുമായ വിവിധ ഇനങ്ങളിൽ ത്രില്ലേറിയം മാത്രം നടപ്പാക്കുന്നതിന് പദ്ധതി തുക ചെലവഴിക്കുകയായിരുന്നു. ത്രില്ലേറിയത്തിൽ മോഷൻ സിമുലേറ്റർ (8D Theatre) സ്ഥാപിക്കുന്നതിനുള്ള 1 കോടി രൂപ BPCL (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) തങ്ങളുടെ CSR ഫണ്ടിൽ നിന്ന് സ്പോൺസർ ചെയ്യാമെന്ന് കളക്റ്ററുടെ ഓഫീസിൽ കൂടിയ മീറ്റിങ്ങിൽ സമ്മതിച്ചിരുന്നതാണെങ്കിലും 50 ലക്ഷം രൂപയേ നൽകിയുള്ളു. ഇതു മൂലം നഗരസഭക്ക് തനത് ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ കൂടുതലായി ചെലവായിട്ടുണ്ട്. കൂടാതെ ത്രില്ലേറിയം സ്ഥാപിച്ച KSSTM ന് 9,44,692 രൂപ കൂടി കൊടുക്കാനുണ്ട്. കൂടാതെ അതീവ സുരക്ഷാ പ്രാധാന്യമുള്ള NAD യുടെ കോമ്പൗണ്ടിനോട് ചേർന്നുള്ള സയൻസ് പാർക്കിൽ വലിയതോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതി ലഭിക്കില്ലന്നിരിക്കെ ഈ പദ്ധതിയുടെ ഭാവി വികസനവും അനിശ്ചിതത്വത്തിലാണെന്ന് മനസ്സിലാക്കാം. ഫലത്തിൽ ചിൽഡ്രൻസ് സയൻസ് സിറ്റി എന്ന ബൃഹത്തായ പദ്ധതി കേവലം ത്രില്ലേറിയം നിർമ്മാണം മാത്രമായി ഒതുങ്ങിയതിന് NAD യിൽ നിന്നും അനുമതി ലഭിക്കാതിരുന്നതും കാരണമായിട്ടുണ്ട്. വലിയ ലക്ഷ്യങ്ങളോടെ വ്യത്യസ്തമായി തയ്യാറാക്കിയ ചിൽഡ്രൻസ് സയൻസ് സിറ്റി പദ്ധതിയുടെ ആസൂത്രണത്തിലും നടപടിക്രമങ്ങളിലും നിർവ്വഹണത്തിലും ഉത്തരവാദിത്വപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ലഭ്യമായ വിവരങ്ങൾ പ്രകാരം പദ്ധതിയുടെ യഥാർത്ഥ ചെലവ് താഴെ ചേർക്കുന്നു.

ബി. ചെലവ് വിവരം

I) ത്രില്ലേറിയം സ്ട്രക്ചറൽ പ്രവർത്തി ചെലവ് 1,37,46,640.00 രൂപ

| വർക്ക് ബിൽ നമ്പർ | ആകെ തുക | കരാറുകാരന് നൽകിയത് | ചെക്ക് നമ്പർ&തീയതി |
|---|---|---|---|
| I & പാർട്ട് ബിൽ | 9,61,770.00 | 8,07,886.00 | 948218 Dtd 10.11.2014 |
| II & പാർട്ട് ബിൽ | 20,03,738.00 | 16,83,141.00 | 539581 Dtd 18.03.2015 |
| III & പാർട്ട് ബിൽ | 8,74,307.00 | 8,21,850.00 | 995260 Dtd 22.04.2015 |
| IV & പാർട്ട് ബിൽ | 21,70,208.00 | 20,32,042.00 | 185438 Dtd 04.08.2015 |
| V & പാർട്ട് ബിൽ | 4,73,425.00 | 1,18,279.00 | 111586 Dtd 11.09.2015 |
| VI & പാർട്ട് ബിൽ | 65,91,860.00 | 55,03,310.00 | 539590 Dtd 22.12.2015 |
| VII & ഫൈനൽ ബിൽ | 6,71,332.00 | 19,38,584.00 (റീടെൻഷൻ ഉൾപ്പെടെ) | 639472 Dtd 04.06.2016 |
| ആകെ | 1,37,46,640.00 | 1,29,050,92.00 | |

II) ത്രില്ലേറിയം (5D Motion Simulator) ചെലവ് 1,09,44,692.00 രൂപ

1) ത്രില്ലേറിയം സ്ഥാപിക്കൽ ചെലവ്

| | | |
|---|---|---|
| 1 | 5D മോഷൻ സിമുലേറ്റർ(ഫിറ്റിങ്ങ്,ടെസ്റ്റിങ്ങ്, | 55,42,228.00 |

| | | |
|---|---|---|
| | കമ്മീഷനിങ്ങ് ചാർജ് ഉൾപ്പെടെ) | |
| 2 | ടെന്റർ കോസ്റ്റ് | 35,451.00 |
| 3 | സൂപ്പർ വിഷൻ ചാർജ് | 43,000.00 |
| 4 | ഇൻസ്റ്റ്യൂഷനൽ ഓവർഹെഡ് @ 10% | 5,62,068.00 |
| 5 | സർവ്വീസ് ടാക്സ് @ 14% of Item (4) | 78,689.00 |
| | ആകെ | 62,61,436.00 |

2) ഓപ്പറേഷൻ & മെയിന്റനൻസ് ചെലവ് (5 വർഷം)

| | | |
|---|---|---|
| 1 | ഓപ്പറേഷൻ ചാർജ് (Ist Year) | 3,42,000.00 |
| 2 | AMC & ഓപ്പറേഷൻ ചാർജ് (IInd Year to Vth Year) | 32,00,000.00 |
| 3 | കൺസ്യൂമെബിൾസ് | 5,00,000.00 |
| 4 | സൂപ്പർവിഷൻ ചാർജ് | 1,62,000.00 |
| 5 | ഇൻസ്റ്റ്യൂഷനൽ ഓവർഹെഡ് @ 10% | 4,20,400.00 |
| 6 | സർവ്വീസ് ടാക്സ് @ 14% of Item (5) | 58,856.00 |
| | ആകെ | 46,83,256.00 |

ത്രില്ലേറിയം ചെലവ് (1+2) = 1,09,44,692.00

മേല്പറഞ്ഞ 1,09,44,692.00 രൂപയിൽ 1 കോടി രൂപ താഴെ പറയും പ്രകാരം നൽകി. 9,44,692.00 നാളിതുവരെ KSSTM ന് നാളിതുവരെ കൊടുത്തിട്ടില്ല.

| ഫണ്ടിനം | തുക | ചെക്ക് നമ്പർ, തീയതി |
|---|---|---|
| തനത് ഫണ്ട് | 50,00,000.00 | 185304 Dtd 20.06.2014 |
| BPCL സംഭാവന | 50,00,000.00 | 32896477 Dtd 07.10.2014 |
| ആകെ | 100,00,000.00 | |

.

III) ത്രില്ലേറിയത്തിന്റെ ഫിനിഷിങ്ങ് പ്രവൃത്തികളുടെ ചെലവ്

| പ്രവൃത്തി | തുക | ചെക്ക് നമ്പർ,തീയതി |
|---|---|---|
| സ്ട്രക്ചറൽ ഗ്ലേസിങ്ങ് | 20,18,590.00 | 639258 Dtd 20.02.2016 |
| ഇലക്ട്രിഫിക്കേഷൻ | 18,500.00<br>3000.00<br>118975.00<br>12020.00 | 889985 Dtd 01.10.2014<br>889986 Dtd 01.10.2014<br>315095 Dtd 16.01.2015<br>639155 Dtd 26.03.2015 |
| ട്രാൻസ്ഫോർമർ | 5,27,721.00 | 185412 Dtd 14.05.2015 |
| സർവ്വീസ് കണക്ഷൻ ചെലവ് | 1050.00<br>1050.00<br>19750.00<br>19750.00 | 111621 Dtd 23.09.2015<br>111622 Dtd 23.03.2015<br>111625 Dtd |

| | | |
|---|---|---|
| | 2500.00<br>2500.00 | 23.09.2015<br>111626 Dtd 23.09.2015<br>111628 Dtd 23.09.2015<br>111629 Dtd 23.09.2015 |
| ജനറേറ്റർ | 12,65,715.00 | 639337 Dtd 23.03.2016 |
| ഗ്രീൻ മെഷ് & സ്ലാബ് നിർമ്മാണം | 11,57,553.00 | Vr.No.102-9/15 Dtd 18.09.2015 |
| ഡ്രയിൻ & റീടെയിനിങ്ങ് വാൾ | 14,88,583.00 | Vr.No.97-6/15 Dtd 27.06.2015 |
| റോഡ്, ഡ്രെയിൻ, കോമ്പൗണ്ട് വാൾ | 5,33,528.00<br>2,83,460.00<br>2,59,048.00<br>15,15,750.00<br>23,11,462.00<br>5,54,263.00<br>13,97,365.00<br>9,67,722.00 | Vr.No.39-2/15 Dtd 05.02.2015<br>Vr.No.44-5/15 Dtd 12.05.2015<br>Vr.No.45-6/15 Dtd 06.06.2015<br>Vr.No.99-5/15 Dtd 18.08.2015<br>Vr.No.36-5/15 Dtd 09.09.2015<br>Vr.No.103-10/15 Dtd 17.10.2015<br>Vr.No.44-4/16 Dtd 07.04.2015<br>Vr.No.113-8/16 Dtd 12.05.2015 |
| യാർഡ് ലൈറ്റ് & ഗാർഡൻ ലൈറ്റ് | 20,00,000.00 | Vr.No.100-8/15 Dtd 18.08.2015<br>Vr.No.132-2/15 Dtd 20.02.2016 |
| സർവ്വയലൻസ് ക്യാമറ - ഇൻസ്റ്റാലേഷൻ | 3,24,478.00 | Vr.No.62-10/15 Dtd 06.10.2015 |
| പബ്ലിക് അഡ്രസ്സ് സിസ്റ്റം | 1,83,000.00 | Vr No.78-1/16 Dtd 07.01.2016 |
| പ്ലേ എക്യുപ്മെൻസ് | 4,98,500.00 | Vr.No.164-1/16 Dtd 06.01.2016 |
| ഫാമിലി പ്ലേയിങ്ങ് എക്യുപ്മെൻസ് (സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല) | 4,97,000.00 | Vr.No.110-2/16 Dtd 16.02.2016 |
| പ്ലേയിങ്ങ് എക്യുപ്മെൻസ് | 12,14,000.00<br>2,25,000.00 | Vr.No.98-8/15 Dtd 18.08.2015<br>Vr.No.29-2/16 Dtd 02.02.2016 |
| ബോൺസായ് പ്ലാന്റ് | 1,05,350.00 | Vr.No.111-6/16 Dtd 23.06.2016 |
| സയൻസ് പാർക്ക് എക്യുപ്മെൻസ് | 6,98,400.00 | Vr.No.89-6/15 Dtd 20.06.2015 |
| എർത്ത് ഫില്ലിങ്ങ് | 6,31,565.00<br>7,79,196.00<br>3,26,809.00 | Vr.No.20-1/15 Dtd 01.01.2015<br>Vr.No.76-4/15 Dtd 22.04.2015<br>Vr.No.112-10/15 Dtd 20.10.2015 |

| | | |
|---|---|---|
| ആകെ | 2,19,63,153.00 | |

ലഭ്യമായ വിവരങ്ങളനുസരിച്ച് സയൻസ് സിറ്റിയുടെ നിർമ്മാണ വികസന പ്രവർത്തികൾക്ക് ആകെ ചെലവായത് = 4,66,54,485.00 (I+II+III)

പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും സംഭവിച്ചിരിക്കുന്ന അപാകതകൾ താഴെ ചേർക്കുന്നു.

സി. ചെലവ് ഗണ്യമായി അധികരിച്ചിട്ടും പദ്ധതി പൂർണ്ണമായി നടപ്പായില്ല

ബഹു. എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതി നൽകിയ പദ്ധതിയുടെ അടങ്കൽ തുക 1.90 കോടി രൂപയാണെന്നിരിക്കെ 4.66കോടി രൂപയിലധികം ചെലവ് ചെയ്തിട്ടും (ലഭ്യമായ കണക്കുകൾ പ്രകാരം) പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചില്ല. ചിൽഡ്രൻസ് സയൻസ് സിറ്റിയെന്ന വിപുലമായ പദ്ധതി ചിൽഡ്രൻസ് പാർക്ക് മാത്രമായി പരിമിതപ്പെട്ടു. ത്രില്ലേറിയം (8D Theatre with Motion Simulator), സയൻസ് & ടെക്നോളജി പാർക്ക്, മ്യൂസിയം, എക്സ്പ്ലോററ്റേറിയം ലാബ് & ആക്ടിവിറ്റി കോർണർ, എഡ്യൂസാറ്റ് സ്മാർട്ട് ക്ലാസ് റൂം തുടങ്ങിയവ ഉൾപ്പെടുന്ന സയൻസ് സിറ്റിയിൽ നിലവിൽ 5D Theatre with Motion Simulator (പദ്ധതി പ്രകാരം 8D Theatre with Motion Simulator ആണ് സ്ഥാപിക്കേണ്ടത്) മാത്രമാണ് പ്രവർത്തിക്കുന്നത്. ബഹു. രാജ്യസഭാ MP മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഓരോ ഇനങ്ങൾക്കുമായി പ്രത്യേകം വകയിരുത്തി നൽകിയ തുക അതാത് ആവശ്യങ്ങൾക്ക് വിനിയോഗിച്ചില്ലെന്ന് മാത്രമല്ല പദ്ധതി തുക മുഴുവനും മറ്റ് ഫണ്ടുകളും ചെലവ് ചെയ്തിട്ടും ചിൽഡ്രൻസ് സയൻസ് സിറ്റിയെന്ന ബൃഹത്തായ പദ്ധതിയുടെ ഒരു ഘടകം മാത്രമാണ് പൂർത്തിയായത്. പദ്ധതി ആസൂത്രണം ചെയ്തതിൽ സംഭവിച്ച ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഡി. NAD യോട് ചേർന്നുള്ള പാർക്കിന്റെ ഭാവി വികസനം സാധ്യമല്ല

അതീവ സുരക്ഷാ പ്രാധാന്യമുള്ള NAD യുടെ കോമ്പൗണ്ടിനോട് ചേർന്ന് ഇത്രയും വിപുലമായ പദ്ധതി ആവിഷ്കരിക്കുന്നതിന് മുന്നോടിയായി ലഭ്യമാക്കേണ്ട മുൻകൂർ അനുമതികൾ പോലും പദ്ധതി ആസൂത്രണസമയത്ത് പരിഗണിച്ചിരുന്നില്ല. ഇതുമൂലം പ്രോജക്റ്റ് റിപ്പോർട്ടിൽ പറയുന്ന പല നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കാൻ NAD അനുവദിക്കാതിരിക്കുകയും പദ്ധതി പരിമിതപ്പെടുകയും ചെയ്തു. മാത്രമല്ല പദ്ധതിയുടെ ഭാവി വികസന പ്രവർത്തനങ്ങൾക്കും ഇതൊരു വിഘാതമാകുമെന്നത് ബന്ധപ്പെട്ടവർ ഗൗരവമായി കണ്ടില്ല. കൂടാതെ NOC ലഭിക്കുന്നതിനുള്ള കത്തിടപാടുകളിൽ, സൈന്യത്തിന്റെ അതീവ സുരക്ഷാ മേഖലയായ NAD യോട് ചേർന്ന് പൊതുജനങ്ങൾക്കായുള്ള പാർക്കിങ്ങ് സ്ഥാപിക്കുന്നത് NAD യുടെ സുരക്ഷയെ ബാധിക്കുമെന്നും പാർക്കിനെ രാജ്യ വിരുദ്ധശക്തികൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന ആശങ്ക കമാൻന്റന്റ് ഇൻ ചീഫ് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് ഗൗരവമായി കാണാതെയാണ് നഗരസഭ സയൻസ് സിറ്റിയിൽ പാർക്കിങ്ങ് അനുവദിച്ചിരിക്കുന്നത്. ഭാവിയിൽ ഇതിനെതിരെ പ്രതിരോധ വകുപ്പിൽ നിന്നും നടപടിയുണ്ടാകാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്.

ഇ. ഹൈ പവർ റേഡിയോ വികിരണങ്ങൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

പദ്ധതിയുടെ NOC യുമായി ബന്ധപ്പെട്ട് NAD ട്രാൻസ്മിറ്റിങ്ങ് സ്റ്റേഷൻ കളമശ്ശേരി കമാൻഡർ ഇൻ ചാർജ് നൽകിയ കത്തിൽ "ട്രാൻസ്മിറ്റിങ്ങ് സ്റ്റേഷൻ" ൽ നിന്നും തുടർച്ചയായി ഹൈ പവർ റേഡിയോ വികിരണങ്ങൾ പുറപ്പെടുന്നുണ്ടെന്നും ഇതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് NAD ഉത്തരവാദികളായിരിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നഗരസഭയുടെ ഭാഗത്ത് നിന്ന് ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടുള്ള സമ്മതപത്രം നൽകുന്ന മുറക്ക് മാത്രമേ NOC നൽകുവെന്നും ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹൈ ഫ്രീക്വൻസി റേഡിയോ എനർജി മനുഷ്യരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതാണെന്ന് WHO(World Health Organisation) യുടെ പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിൽ നിന്നും പദ്ധതി പ്രദേശം ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുന്നതിന് ഒട്ടും അനുയോജ്യമല്ലായെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങളോ പഠനങ്ങളോ നഗരസഭാ നടത്തിയിട്ടില്ല.

എഫ്. തനത് ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അപ്രതീക്ഷിത ചെലവ്

ത്രില്ലേറിയത്തിൽ മോഷൻ സിമുലേറ്റർ (8D Theatre) സ്ഥാപിക്കുന്നതിനുള്ള 1 കോടി രൂപ BPCL (ഭാരത്

പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) CSR ഫണ്ടിൽ നിന്നും ഓഫർ ചെയ്തിരുന്നതാണെങ്കിലും 50 ലക്ഷം രൂപയേ BPCL ൽ നിന്നും ലഭിച്ചിട്ടുള്ളൂ. ബഹു. രാജ്യസഭാംഗം ശ്രീ. P.രാജീവ് MP യുടെ അഭ്യർത്ഥന മാനിച്ച് 1 കോടി രൂപ നൽകാമെന്ന് കളക്ടറുടെ മീറ്റിങ്ങിൽ BPCL ചീഫ് മാനേജർ (എസ്റ്റേറ്റ് & അഡ്മിനിസ്ട്രേഷൻ) സമ്മതിച്ചതായി ഒരു കത്തിൽ പ്രതിപാദിക്കുന്നുണ്ടെന്നൊഴികെ ഇത് സംബന്ധിച്ച് യാതൊരു കരാറും ചമച്ചിരുന്നില്ല. ഇതു മൂലം മോഷൻ സിമുലേറ്റർ (8D Theatre) വില മാത്രം തരാമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ് തരാൻ സാധ്യമല്ലന്ന നിലപാടിൽ I ഇൻസ്റ്റാൾമെന്റ് തുകയായ 50 ലക്ഷം രൂപ മാത്രമാണ് BPCL നൽകിയത്. ഇതു മൂലം 5D മോഷൻ സിമുലേറ്റർ സ്ഥാപിക്കുന്നതിനുള്ള 1,09,44,692.00 യിൽ 50 ലക്ഷം രൂപ BPCL ന് വേണ്ടി നഗരസഭ അഡ്വാൻസ് ചെയ്തത് ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ 9,44,692.00 രൂപ KSSTM ന് ബാധ്യതയുമുണ്ട്. BPCL മായി നഗരസഭ കരാറൊന്നും ചമച്ചിട്ടില്ലാത്തതിനാൽ ഈ തുക ലഭിക്കുന്നതിനുള്ള സാധ്യത വിരളമാണ്. ഫലത്തിൽ 50 ലക്ഷം രൂപ നഗരസഭക്ക് അപ്രതീക്ഷിത ചെലവുണ്ടായി. കൂടാതെ KSSTM ന് ബാധ്യതയുള്ള 9,44,692.00 രൂപയും നഗരസഭ കൊടുക്കേണ്ടിവരും. BPCL ൽ നിന്നും ലഭിച്ച CSR ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സിന്റിക്കേറ്റ് ബാങ്കിന്റെ കളമശ്ശേരി ശാഖയിൽ ആരംഭിച്ച 43042200083411 നമ്പർ അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 72,438.78 രൂപ 31.12.2016 ൽ ബാക്കിയുണ്ട്.

ജി. <u>ഇംപ്ലിമെന്റ് ഏജൻസിക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ഓവർ ഹെഡ് ചാർജ് നൽകിയത് തടസ്സപ്പെടുത്തുന്നു.</u>

ബഹു. എറണാകുളം ജില്ലാ കളക്ടറുടെ 01.11.2013 ലെ RA1/1335/2015/DPO/EKM/MPLADS (PR-002) നമ്പർ നടപടിക്രമത്തിലെ ഖണ്ഡിക 7 ൽ ചിൽഡ്രൻസ് സയൻസ് സിറ്റിയുടെ നിർമ്മാണത്തിൽ ഇംപ്ലിമെന്റ് ഏജൻസികൾക്ക് സൂപ്പർ വിഷൻ ചാർജ്, സെന്റേജ് ചാർജ് എന്നിവ അനുവദിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സയൻസ് പാർക്കിലെ സിവിൽ വർക്കുകളുടെ നിർവ്വഹണ ഏജൻസിയായി മുനിസിപ്പൽ എഞ്ചിനീയറിങ്ങ് വിഭാഗത്തെയും ത്രില്ലേറിയത്തിലെ മോഷൻ സിമുലേറ്റർ (5D Theatre) സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി KSSTM നെയുമാണ് കളക്ടറുടെ ചേംബറിൽ 31.08.2013ൽ കൂടിയ യോഗത്തിൽ നിശ്ചയിച്ചത് . KSSTM മായി ഒപ്പുവെച്ച 18.07.2014 ലെ കരാർ ഉടമ്പടിയിലെ (ii), (iv) എന്നീ വ്യവസ്ഥകളിൽ ആകെ അടങ്കലിന്റെ 10% ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് ആയി നല്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കളക്ടറുടെ 01.11.2013 ലെ നടപടിക്രമം ഖണ്ഡിക 7 ന് വിരുദ്ധമാണിത്. ഇത്തരത്തിൽ കരാർ വെച്ചതിന് വിശദീകരണം നല്കേണ്ടതാണ്. KSSTM ൽ നിന്നുള്ള 02.09.2013 ലെ B-2062/212 നമ്പർ കത്തിൽ തങ്ങളാണ് നിർവ്വഹണ ഏജൻസിയെന്നും മേൽ നോട്ടവും സാങ്കേതിക ഉപദേശവും സമയബന്ധിതമായി നൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകിയ കളക്ടറുടെ നടപടിക്രമത്തിനു വിരുദ്ധമായി മോഷൻ സിമുലേറ്റർ (5D Theatre) സ്ഥാപിക്കുന്ന ചെലവിന്റെയും ഓപ്പറേഷൻ ചെലവിന്റെയും 10% ഇൻസ്റ്റിറ്റ്യൂഷണൽ ഓവർ ഹെഡ് ചാർജും ഇതിന്റെ 14% സർവീസ് ചാർജും KSSTMന് നൽകിയിട്ടുണ്ട്.

<u>ത്രില്ലേറിയം സ്ഥാപിക്കൽ ചെലവ്</u>

| | | |
|---|---|---|
| 1 | 5D മോഷൻ സിമുലേറ്റർ(ഫിറ്റിങ്ങ്,ടെസ്റ്റിങ്ങ്, കമ്മീഷനിങ്ങ് ചാർജ് ഉൾപ്പെടെ) | 55,42,228.00 |
| 2 | ടെന്റർ കോസ്റ്റ് | 35,451.00 |
| 3 | സൂപ്പർ വിഷൻ ചാർജ് | 43,000.00 |
| 4 | ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് @ 10% | 5,62,068.00 |
| 5 | സർവ്വീസ് ടാക്സ് @ 14% of Item (4) | 78,690.00 |
| | ആകെ | 62,61,437.00 |

<u>ഓപ്പറേഷൻ & മെയിന്റനൻസ് ചെലവ് (5 വർഷം)</u>

| | | |
|---|---|---|
| 1 | ഓപ്പറേഷൻ ചാർജ് (Ist Year) | 3,42,000.00 |
| 2 | AMC & ഓപ്പറേഷൻ ചാർജ് (IInd Year to Vth Year) | 32,00,000.00 |
| 3 | കൺസ്യൂമെബിൾസ് | 5,00,000.00 |
| 4 | സൂപ്പർവിഷൻ ചാർജ് | 1,62,000.00 |

| | | |
|---|---|---|
| 5 | ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് @ 10% | 4,20,400.00 |
| 6 | സർവ്വീസ് ടാക്സ് @ 14% of Item (5) | 58,856.00 |
| | ആകെ | 46,83,256.00 |

ഗ്ലോബൽ ടെന്റർ വിളിച്ച് തേഡ് പാർട്ടി മുഖേന നടത്തിയ പ്രവർത്തിയുടെ ചെലവിന്റെ 10 % ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് ചാർജ്ജും ഇതിന്റെ 14 % സർവ്വീസ് ചാർജ്ജും സംസ്ഥാന സർക്കാർ സ്ഥാപനമായ KSSTM ന് നൽകിയത് ഭരണാനുമതി നൽകിയ കളക്ടറുടെ നിർദ്ദേശത്തിനു വിരുദ്ധമാണ്. മേല്പറഞ്ഞിരിക്കുന്ന കണക്കുകൾ പ്രകാരം ടെന്റർ കോസ്റ്റും പ്രവർത്തി ചെയ്ത സ്വകാര്യ സ്ഥാപനത്തിനുള്ള സൂപ്പർ വിഷൻ ചാർജ്ജും ഉൾപ്പെടെ നഗരസഭ നൽകുകയിട്ടും ഇവയുൾപ്പെടെയുള്ള ചെലവുകളിന്മേൽ ഒരു സർക്കാർ സ്ഥാപനത്തിന് ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് ചാർജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവായ 11,20,014.00 രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടെ) KSSTM ൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എച്ച്. തുടർ നടത്തിപ്പ് - നഗരസഭക്ക് ബാധ്യതയാകും

ചിൽഡ്രൻസ് സയൻസ് പാർക്ക് നഗരസഭക്ക് വലിയ ബാധ്യതയാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ത്രില്ലേറിയം നടത്തുന്നതിനുള്ള ഉത്തരവാദിത്തം (5 വർഷത്തേക്ക്) ഇത് സ്ഥാപിച്ച സ്വകാര്യ സ്ഥാപനവും പാർക്കിലെ പുൽത്തകിടിയും ചെടികളും പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം കളമശ്ശേരി അപ്പോളോ ടയേഴ്സും ഏറ്റെടുത്തിട്ടുണ്ട്. എങ്കിൽതന്നെയും 15 ജീവനക്കാരെ നഗരസഭ ദിവസവേതനാടിസ്ഥാനത്തിൽ ചിൽഡ്രൻസ് പാർക്കിൽ നിയോഗിച്ചിട്ടുണ്ട്. പ്രതിമാസം 2,16,000 രൂപ ഇതിനായി ചെലവാകുന്നുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി ചാർജിനത്തിലും ഗണ്യമായ ചെലവുണ്ട്. ഈ ചെലവുകൾ നടത്തുന്നതിനുള്ള വരുമാനം പാർക്കിൽനിന്നും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. 5 വർഷത്തിനുശേഷം ത്രില്ലേറിയത്തിന്റെ നടത്തിപ്പും നഗരസഭ ഏറ്റെടുക്കേണ്ടി വരുമ്പോൾ ചിൽഡ്രൻസ് പാർക്കിന്റെ തുടർനടത്തിപ്പ് നഗരസഭക്ക് വലിയ ബാധ്യതയാകും. ഒപ്പംതന്നെ ഈ ചിൽഡ്രൻസ് പാർക്കിന് സമീപത്തായി CUSAT ക്യാമ്പസിൽ വിശാലമായ സയൻസ് പാർക്കുള്ളതും എറണാകുളം നഗരത്തിലെ ഷോപ്പിങ്ങ് മാളുകളിലും സമീപ പ്രദേശങ്ങളിലും ഇത്തരം വിനോദ സഞ്ചാര മാർഗങ്ങളുള്ളതും സന്ദർശകരെ കൂടുതലായി ആകർഷിക്കുന്നതിന് തടസ്സമാണ്. NAD ചേർന്നുള്ള പരിമിതമായ സ്ഥലത്ത് കൂടുതൽ വികസന പ്രവർത്തനങ്ങൾ അനുവദനീയമല്ലാത്തതും ചിൽഡ്രൻസ് പാർക്കിന്റെ ഭാവി വികസനത്തിന് വലിയ വിഘാതമാണ്. നഗരസഭാ പ്രദേശങ്ങളിൽപോലും പാർക്കിന് മതിയായ പ്രചരണം നൽകുന്നതിന് യാതൊരു നടപടിയും നഗരസഭ കൈക്കൊണ്ടിട്ടുമില്ല. മേല്പറഞ്ഞ സാഹചര്യത്തിൽ ചിൽഡ്രൻസ് സയൻസ് പാർക്ക് നടത്തിപ്പ് നഗരസഭക്ക് ഭാവിയിൽ വലിയ സാമ്പത്തിക ബാധ്യതയാകാനുള്ള സാധ്യത കൂടുതലാണ്. പാർക്കിൽ നിന്നുള്ള വരവ് ചെലവുകൾ വിശകലനം നടത്തി തുടർനടത്തിപ്പിനെക്കുറിച്ച് വ്യക്തമായ ഒരു രൂപരേഖയും തയ്യാറാക്കിയിട്ടില്ല. പാർക്കിനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ, CLR തൊഴിലാളികളുടെ വേതനം, കറന്റ്-വാട്ടർ ചാർജ്ജുകൾ, മെയിന്റനൻസ് ചെലവുകൾ തുടങ്ങിയ ആവർത്തനചെലവുകളെക്കുറിച്ച് വ്യക്തമായ പഠനം നഗരസഭ നടത്തിയിട്ടില്ല.

ഐ. ത്രില്ലേറിയത്തിന് ഇൻഷ്വറൻസ് പരിരക്ഷയില്ല

24 സീറ്റുള്ള 5D Motion Theatre ഉൾപ്പെടുന്ന ത്രില്ലേറിയം നാളിതുവരെ ഇൻഷ്വർ ചെയ്തിട്ടില്ല. KSSTM മായി ഉണ്ടാക്കിയിരിക്കുന്ന കരാറിലെ xiv വ്യവസ്ഥ പ്രകാരം ത്രില്ലേറിയം ഇൻഷ്വർ ചെയ്യേണ്ട ഉത്തരവാദിത്തം നഗരസഭക്കാണ്. മോഷൻ സിമുലേഷൻ തിയേറ്റർ അപകടസാധ്യതയുള്ളതാകയാൽ സന്ദർശകർക്ക് സംഭവിക്കാവുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ അത്യാവശ്യമാണെന്നിരിക്കെ ഇത് ലഭ്യമാക്കുന്നതിനുള്ള നടപടിയൊന്നും നഗരസഭ നാളിതുവരെ സ്വീകരിച്ചിട്ടില്ല. പാർക്കിലേക്ക് എത്തിച്ചേരുന്നതിനായി കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടെ, റിപ്പോർട്ടർ ചാനലിന് മുന്നിലൂടെയാണ് നഗരസഭ ടൈൽ വിരിച്ച റോഡ് നിർമ്മിച്ചിരിക്കുന്നത്. റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം കിൻഫ്ര നഗരസഭക്ക് വിട്ടുനൽകിയതായി കാണുന്നില്ല. കുട്ടികളകൾക്കായി ചിൽഡ്രൻസ് സയൻസ് സിറ്റിയെന്ന വ്യത്യസ്തവും പുരോഗമനപരവുമായ ആശയം വേണ്ടത്ര ഗൃഹപാഠം ചെയ്യാതെ നടപ്പാക്കിയപ്പോൾ ത്രില്ലേറിയമെന്ന 5D മോഷൻ തിയേറ്റർ മാത്രമുള്ള ചിൽഡ്രൻസ് പാർക്ക് മാത്രമായി പരിമിതപ്പെട്ടു. നഗരസഭയുടെ മറ്റ് വികസന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവക്ക് ഉപയോഗിക്കേണ്ട തനത് ഫണ്ടിന്റെ ഗണ്യമായ ഭാഗം ഒരു പ്രോജക്ടിൽ മാത്രമായി ചെലവഴിച്ചത്

തെറ്റായ സാമ്പത്തിക നയത്തിന് ഉദാഹരണമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഏതൊരു പ്രോജക്റ്റിന്റെയും പ്രാരംഭ നിർമ്മാണ ഘട്ടങ്ങളിൽ കാണിക്കുന്ന ശുഷ്കാന്തി അവ പരിപാലിക്കുന്നതിൽ കാണിക്കാറില്ല. അതുകൊണ്ട് ഭീമമായ തുക ചെലവഴിച്ച ഈ സംരംഭം പരിപാലിക്കുന്നതിന് വ്യക്തമായ ഒരു പ്ലാൻ തയ്യാറാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പാർക്കിന്റെ ഭാവിവികസനവും തുടർ നടത്തിപ്പും സംബന്ധിച്ച് വിശദമായ ഒരു പ്ലാൻ തയ്യാറാക്കുക.

* BPCL ൽ നിന്നും ലഭിക്കേണ്ട 50 ലക്ഷം രൂപ ലഭ്യമാക്കുന്നതിന് ബഹു. രാജ്യസഭാ MP മാർ മുഖേനയോ കളക്ടർ മുഖേനയോ അടിയന്തിര ശ്രമം നടത്തേണ്ടതാണ്.

* KSSTM ന് നൽകിയ ഇൻസ്റ്റിറ്റ്യൂഷണൽ ഓവർഹെഡ് ചാർജ് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

* ത്രില്ലേറിയത്തിന് ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

* NAD യിൽ നിന്നും ഹൈ പവർ റേഡിയോ വികിരണങ്ങളുണ്ടായാൽ സംഭവിക്കാവുന്ന അപകടത്തെ തരണം ചെയ്യുന്നതിനുള്ള മുൻകരുതൽ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

* റോഡ് നിർമ്മിച്ചിരിക്കുന്ന സ്ഥലം കിൻഫ്ര നഗരസഭക്ക് വിട്ടുനൽകിയിട്ടില്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 കളമശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6സെന്റ് വിസ്തൃതി വരുന്ന റോഡ് ലുലു ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന് വിട്ടു നൽകുന്നത് സംബന്ധിച്ച്.

ലുലു ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് ഗ്രൂപ്പ് ഡയറക്ടർ 15.3.15 ൽ നഗരസഭയോട് അഭ്യർത്ഥിച്ചതനുസരിച്ച് 30.6.15 ലെ 13ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്ക് ബ്ലോക്ക് നമ്പർ 5/റീസർവേ നമ്പർ 137/1 പ്രകാരമുള്ള 2.4 ആർ വിസ്തൃതിയുള്ള സ്ഥലം വിട്ടു നൽകാൻ തീരുമാനിച്ചു.

1. പ്രസ്തുത സ്ഥലം, സ്ഥലത്ത് നടത്തിയ site verification ൽ ടി സ്ഥലം നഗരസഭയുടെ ആസ്തികളിൽ ഉൾപ്പെട്ട റോഡാണെന്ന് വ്യക്തമായി. നഗരസഭയുടെ ആസ്തി രജിസ്റ്റർ പേജ് നം 95ൽ 59 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലുള്ള മാലിപ്പുറം റോഡ് – ബൈറോഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

2. 30.6.15 ലെ 13ാം നമ്പർ കൗൺസിൽ തീരുമാനം, 1.9.15 ലെ 1ാം നമ്പർ കൗൺസിൽ തീരുമാനം, ഇവയിലൊന്നും വിട്ടുനൽകാൻ ഉദ്ദേശിച്ച 2.4 ആർ സ്ഥലം റോഡാണെന്ന് പരാമർശിച്ചിട്ടില്ല. നഗരസഭ ഉപയോഗിക്കാത്ത ,പൊതുജനാവശ്യത്തിന് പ്രയോജനപ്പെടാത്ത ഭൂമി യെന്ന നിലയിലാണ് കൗൺസിൽ അജണ്ടയിലും, തീരുമാനത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഒരു വസ്തുത കൗൺസിലിനെ ധരിപ്പിക്കാൻ സെക്രട്ടറിയോ മുനിസിപ്പൽ എൻജിനീയറോ ശ്രമിച്ചിട്ടില്ല.

3. പ്രസ്തുത സ്ഥലത്തിന്റെ വാല്വേഷന് ജില്ലാകളക്ടർക്ക് അയച്ച കത്ത് ഫയലിൽ ലഭ്യമല്ല. ടി സ്ഥലം റോഡ് എന്ന ഗണത്തിൽപ്പെടുന്നുവെന്ന വിവരം റവന്യൂ അധികാരികളെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. സ്ഥലം വിൽപ്പനക്ക് സർക്കാരിനയച്ച കത്തിലും (17.10.15 ൽ)(കത്ത് ഫയലിൽ ലഭ്യമല്ല.) ഈ വിവരം വ്യക്തമാക്കിയിട്ടില്ലയെന്നത് സർക്കാരിന്റെ (05/16 തിയതി വ്യക്തമല്ല) മറുപടി കത്തിൽ നിന്ന് വ്യക്തമാണ്.

5. 1957 ലെ കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം റോഡ്, കുളം , തോട് എന്നിവ പുറമ്പോക്കെന്ന ഗണത്തിൽപ്പെടുന്നതും പൊതുജനങ്ങൾ ഉപയോഗിക്കുന്നതിനാൽ യാതൊരു കാരണത്താലും കൈമാറ്റം

ചെയ്യാൻ പാടില്ലാത്തതുമാണ്.പ്രസ്തുത ആക്ടിന്റെ Section2(1)(i) പ്രകാരം All public roads ,streets,lanes,and paths etc are government land. കേരള ലാൻഡ് അസൈൻമെന്റ് Rules 1964 Rule1A(VI) no government land which can transferred to and vested in the panchayat can be assigned. Rule 11,12ൽ ലാൻഡ് അസൈൻമെന്റിന്റെ നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്.എന്നാൽ നഗരസഭ നടത്തിയ ഭൂമി കൈമാറ്റം ഇതു പ്രകാരമല്ല.Rule7(2) ൽ ലാൻഡ് അസൈൻമെന്റിന്റെ മുൻഗണനക്രമം നൽകിയിട്ടുണ്ട്. ഒരു ബിസിനസ് സ്ഥാപനവും അതിൽ പെടുന്നില്ല.Rule 24 ൽ പൊതുജന താൽപ്പര്യം മുൻനിർത്തി സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.എന്നാൽ ലുലുവിന് ഭൂമി നൽകുന്ന കാര്യത്തിൽ പൊതുജനതാൽപ്പര്യമില്ല. അസെറ്റ് രജിസ്റ്റർ പേജ് നം 95 പ്രകാരം ഈ സ്ഥലം മാലിപ്പുറം റോഡ്-ബൈറോഡ് എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട്.മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും പ്രകാരം മേൽ ക്രയവിക്രയം നിയമവിരുദ്ധമാണ്.

6. മേൽ വസ്തുവിന് പകരമായി ലുലു വാങ്ങി നൽകിയെന്ന് പറയുന്ന 3.803 ആർ സ്ഥലം അവകാശികളിൽ നിന്ന് വീണ്ടെടുത്ത് നഗരസഭക്ക് പൊതുവഴിയായി നൽകിയെന്ന് പറഞ്ഞിട്ടുണ്ട്.PW/7169/15 ാം നമ്പർ ഫയലിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം കണയന്നൂർ താലൂക്ക് മാങ്കുഴി റോഡ് ബ്ലോക്ക് നമ്പർ 5,റീസർവേ 149/4 ൽ 40.8 മീറ്റർ നീളത്തിലും 3.6 മീറ്റർ വീതിയിലും തിരിച്ചിട്ട് ഏതാനും വീട്ടുകാർ വഴിയായി ഉപയോഗിച്ച് വരുന്ന സ്ഥലം നഗരസഭക്ക് വിട്ടുനൽകുക മാത്രമാണ് ചെയ്തത്. ലുലുവിന് വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന വഴിയുമായി യാതൊരു ബന്ധവുമില്ലാത്ത പ്രസ്തുത വഴി, ലുലു നൽകുന്ന ഒരു പ്രതിഫലമായി ചിത്രീകരിച്ചിരിക്കുന്നത് വസ്തുതാ വിരുദ്ധമാണ്. ഈ വഴിക്കു ശേഷം ഏതാണ്ട് 100 മീറ്റർ ടാർ റോഡ് (പഴയത്) നിലവിലുണ്ട്. ടി റോഡ് ലുലുമാളിൽ മറ്റൊരു അതിർത്തിയിൽ ചെന്ന് അവസാനിക്കുന്നതാണ്. സ്വകാര്യ വ്യക്തികൾക്ക് വഴി പൊതുവഴിയായി സ്വമനസ്സാലെ വിട്ടുനൽകാവുന്നതാണ്. നഗരസഭക്ക് ഈ വഴി develop ചെയ്യണമെങ്കിൽ relinquish ചെയ്തേ പറ്റൂ. ഇവിടെ ഈ നടപടി മാത്രമാണ് നടന്നിരിക്കുന്നത്. ഒരു വസ്തു വിട്ടുനൽകുന്നതിന് Relinquishment form ഒപ്പിട്ടു നൽകുന്നത് മുതൽ RDO യുടെ റിപ്പോർട്ട് പ്രകാരം തണ്ടപ്പേർ മാറ്റി വില്ലേജ് രേഖകളിൽ ജമമാറ്റം വരുത്തൽ വരെയുള്ള നടപടിക്രമങ്ങളുണ്ട്. എന്നാൽ മേൽ വസ്തു വിലകൊടുത്തുവാങ്ങിയതല്ല എന്ന് വ്യക്തമാണ്. നഗരസഭ വക റോഡ്, വസ്തുതകൾ മറച്ച് വെച്ച് ചെയ്ത് കൈമാറ്റം ചെയ്യാൻ ശ്രമിക്കുന്നത് വഴി, നഗരസഭയുടെ ഉത്തമതാത്പര്യം സംരക്ഷിക്കേണ്ട കൗൺസിൽ വീഴ്ച വരുത്തുകയാണുണ്ടായത്. പ്രസ്തുത നടപടി ഇപ്പോൾ സർക്കാർ പരിഗണനയിലാണ്. എന്നാൽ കൈമാറ്റം ചെയ്യാൻ തീരുമാനിച്ച് വാല്യുവേഷൻ നടത്തിയ ഭൂമി 'റോഡ് ' ആണെന്ന വസ്തുത സർക്കാരിൽ ധരിപ്പിച്ചിട്ടില്ല. ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ അഭ്യർത്ഥന പരിഗണിച്ച് നഗരസഭ ആസ്തികൾ വിറ്റ് മുതൽക്കൂട്ടാൻ നഗരസഭ കൗൺസിൽ തീരുമാനിച്ചത് തെറ്റായ കീഴ്വഴക്കമാണ്. ഇക്കാര്യത്തിൽ നഗരകാര്യവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുക – 1,19,55,342/- വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപോസിറ്റ് വർക്ക് ആയി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെകൊടുക്കുന്നു. ചെലവഴിക്കാൻ ബാക്കിയുള്ള തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തിനാൽ ആയത് തടസ്സപ്പെടുത്തുന്നു.

(എ) വികസന ഫണ്ടിൽ നിന്ന് നല്കിയത്

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഡി.ഡി./ചെക്ക് നമ്പർ തിയതി | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എൽ.ഇ.ഡി തെരുവു വിളക്ക് (S-109/16) | 81500020/1.1.16 | 1663 | 0 | 1663 |
| | | 81500054/5.1.16 | 6794811 | 0 | 6794811 |
| " | സ്ട്രീറ്റ് മെയിൻ | 687444/19.4.16 | 21770 | 0 | 21770 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ (S-107/16) | 81500054/5.1.16 | 147317 | 0 | 147317 |
| | | 81500054/5.1.16 | 219125 | 0 | 219125 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ ലൈൻ വലിക്കൽ (S-137/16) | 81500037/4.1.16 | 4288000 | 0 | 4288000 |
| | | | | | 11472686 |

(ബി) തനത് ഫണ്ടിൽ നിന്ന് നല്കിയത്

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഡി.ഡി./ചെക്ക് നമ്പർ തിയതി | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 100 KVA ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 995251/20.4.15 | 94113 | 0 | 94113 |
| " | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00625/27.04.15 | 51067 | 0 | 51067 |
| " | വാർഡ് 3ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00649/13.05.15 | 21207 | 0 | 21207 |
| " | വാർഡ് 1 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00659/20.05.15 | 8585 | 0 | 8585 |
| " | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00660/20.05.15 | 15210 | 0 | 15210 |
| " | വാർഡ് 41ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 72594/27.05.15 | 18186 | 0 | 18186 |
| " | വാർഡ് 33 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 72623/27.05.15 | 16907 | 0 | 16907 |
| " | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 111557/01.09.15 | 15257 | 0 | 15257 |
| " | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 111610/15.09.15 | 92021 | 0 | 92021 |
| വാട്ടർ അതോറിറ്റി | വാട്ടർ മെയിൻ വലിക്കൽ | 00635/28.04.15 | 150103 | 0 | 150103 |
| | | | | | 482656 |
| ആകെ (എ) + (ബി) | | | | | 11955342 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് ലഭിച്ചിട്ടില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

(എ) വികസന ഫണ്ടിൽ നിന്ന് നൽകിയത്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എൽ.ഇ.ഡി തെരുവ് വിളക്ക് (എസ്. 109/16) | 81500020/ 01.01.16 | 1,663 | 0 | 1,663 |
| | | 81500054/ 05.01.16 | 67,94,811 | 0 | 67,94,811 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ (എസ്. 107/16) | 687444/ 19.04.16 | 21,770 | 0 | 21,770 |
| | | 81500054/ 05.01.16 | 1,47,317 | 0 | 1,47,317 |
| | | 81500054/ 05.01.16 | 2,19,125 | 0 | 2,19,125 |
| കെ.ഡബ്ല്യു.എ. | വിവിധ വാർഡുകളിൽ വാട്ടർ മെയിൻ ലൈൻ വലിക്കൽ (എസ്. 137/16) | 81500037/ 04.01.16 | 42,88,000 | 0 | 42,88,000 |
| ആകെ | | | | | 1,14,72,686 |

.

(ബി) തനത് ഫണ്ടിൽ നിന്ന് നൽകിയത്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 100 KVA ട്രാൻസ്ഫോർമർ | 995251/ 20.4.15 | 94,113/- | 0 | 94,113/- |

| | | | | | |
|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | | | | |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00625/ 27.4.15 | 51,067/- | 0 | 51,067/- |
| | വാർഡ് 3 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00649/ 13.5.15 | 21,207/- | 0 | 21,207/- |
| | വാർഡ് 1 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00659/ 20.5.15 | 8,585/- | 0 | 8,585/- |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 00660/ 20.5.15 | 15,210/- | 0 | 15,210/- |
| | വാർഡ് 41 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 72594/ 27.5.15 | 18,186/- | 0 | 18,186/- |
| | വാർഡ് 33 ൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 72623/ 27.5.15 | 16,907/- | 0 | 16,907/- |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 111557/ 01.9.15 | 15,257/- | 0 | 15,257/- |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 111610/ 15.9.15 | 92,021/- | 0 | 92,021/- |
| കെ.ഡബ്ല്യൂ.എ. | വാട്ടർ മെയിൻ ലൈൻ വലിക്കൽ | 000635/ 28.4.15 | 1,50,103/- | 0 | 1,50,103/- |
| ആകെ | | | | | 482656 |
| ആകെ (എ)+(ബി) | | | | | 1,19,55,342 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 21,16,077/- |
| തൻവർഷം നിക്ഷേപിച്ച തുക | 48,58,912/- |
| ആകെ | 69,74,989/- |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 12,376/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 69,62,613/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ക്ലീൻ കേരള 2000 ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് നം .14 തിയതി 26.05.2014 | 21,05,400/- |
| ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687948 തിയതി 21.04.2016 | 32,39,820/- |
| ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687942 തിയതി 21.04.2016 | 16,17,393/- |
| ആകെ | 69,62,613/- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31,33,85,213.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38,85,02,767.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 9998.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,03,834.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,49,10,042.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 9998.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-7 | | 49,985.00 | ശ്രീ.ഷിബു.എൻ.നാലപ്പാട്ട്, മുനിസിപ്പൽ എഞ്ചിനീയർ. |
| 3-8 | | 93,806.00 | |
| 3-9 | | 60,043.00 | |
| ആകെ | 9998.00 | 2,03,834.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 8,500.00 | ശ്രീ.എൻ.ശശികുമാർ, സെക്രട്ടറി |
| 3-2 | 3,02,000.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 3-4 | 12,77,500.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 3-5 | 1,56,686.00 | ഡോ.റെജിമോൻ ടി.എസ്. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-6 | 90,000.00 | ഡോ.രഞ്ജു ആന്റണി, വെറ്ററിനറി സർജൻ |
| 3-10 (g) | 11,20,014.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 3-12 | 37,53,78.00 | ശ്രീ.എൻ.ശശികുമാർ, സെക്രട്ടറി |
| 3-12 | 1,15,79,964.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| ആകെ | 14910042.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.എസ്.നാരായണൻ, സെക്രട്ടറി | സെക്രട്ടറി , കളമശ്ശേരി നഗരസഭ. | ‘അനുപമ‘ ഹൗസിംഗ് കോളനി, കൈതവന ആലപ്പുഴ |
| ശ്രീ.ഷിബു.എൻ.നാലപ്പാട്ട്, മുനിസിപ്പൽ എഞ്ചിനീയർ. | മുനിസിപ്പൽ എഞ്ചിനീയർ, കളമശ്ശേരി നഗരസഭ. | നാലപ്പാട്ട് ഹൗസ് ചങ്ങമ്പുഴ നഗർ കൊച്ചിൻ-33 |
| ശ്രീ.എൻ.ശശികുമാർ, സെക്രട്ടറി | - | വിമല, നായർ സമാജം കമ്മ്യൂണിറ്റി ഹാളിനു സമീപം,എരൂർ വെസ്റ്റ്,എറണാകുളം |
| ഡോ.റെജിമോൻ ടി.എസ്. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | - | നന്ദനം,പാംവില്ലേജ്,പുതിയറോഡ്, നീറിക്കോട്.പി.ഒ,ആലുവ |
| ഡോ.രഞ്ജു ആന്റണി, വെറ്ററിനറി സർജൻ | - | നാൽപ്പതാംകുളം വീട്,മനയ്ക്കപ്പടി,ഇരുമ്പനം, പിൻ.682309 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.ഇ(എം1)1106/04/3.02.2005 | |
| 1999-00 | എൽ.എഫ്.ഇ(എം2)1153/05/18.5.2006 | |
| 2000-01 | എൽ.എഫ്.ഇ(എം2)771/07/23.2.2008 | |
| 2001-02 | എൽ.എഫ്.ഇ(എം2)1159/07/25.2.2008 | |
| 2002-03 | എൽ.എഫ്.ഇ(എം2)327/10/20.6.2011 | |
| 2003-04 | എൽ.എഫ്.ഇ(എം2)328/10/02.7.2011 | |
| 2004-05 | എൽ.എഫ്.ഇ(എം2)329/10/02.7.2011 | |
| 2005-06 & 06-07 | എൽ.എഫ്.ഇ(എം2)1990/13/18.11.2013 | |
| 2007-08 | എൽ.എഫ്.ഇ(എം2)727/11/26.12.2011 | |
| 2008-09 | എൽ.എഫ്.ഇ(എം2)1197/11/27.4.2012 | |
| 2009-10 & 10-11 | എൽ.എഫ്.ഇ(എം2)45/13/13.2.2013 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ഇ(എം2)131/14/13.2.2014 | |
| 2012-13 | എൽ.എഫ്.ഇ(എം2)192/15/09.1.2015 | |
| 2013-14 | എൽ.എഫ്.ഇ(എം2)646/2015/07.07.15 | |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(എം2)1404/2015 /26.08.2015 | |

മേൽ റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(എം2)69/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 08.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കളമശ്ശേരി നഗരസഭയുടെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA.EKM(M2)69/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad –682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 08.02.2017

Certified that I have audited the Annual Financial Statement of Kalamassery Municipality in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1997, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Financial Statements of Kalamassery Municipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Joint Director